പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 193

# 2024-ലെ കേരള ധനകാര്യ ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം  കേരള നിയമസഭ

ബിൽ നമ്പർ 193

# 2024-ലെ കേരള ധനകാര്യ ബിൽ

492/2024.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 193

# 2024-ലെ കേരള ധനകാര്യ ബിൽ

## 2024-2025 സാമ്പത്തികവർഷത്തേയ്ക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2024-2025 സാമ്പത്തികവർഷത്തേയ്ക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

അദ്ധ്യായം - 1

പ്രാരംഭം

1. ചുരുക്കപ്പേര്.—(1) ഈ ആക്റ്റിന് 2024-ലെ കേരള ധനകാര്യ ആക്റ്റ് എന്ന് പേര് പറയാം.

അദ്ധ്യായം - 2

നികുതി പരിഷ്കരണം

2. 1959-ലെ 17-ാം ആക്റ്റിന്റെ ഭേദഗതി.—1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിൽ (1959-ലെ 17),—

(1) 28എ വകുപ്പിൽ, (1ബി) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(1ബി) ഈ ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം മുഖേന, (1)-ാം ഉപവകുപ്പ് പ്രകാരം നിശ്ചയിച്ച ഭൂമിയുടെ ന്യായവിലയിൽ അല്ലെങ്കിൽ (1എ) ഉപവകുപ്പ് പ്രകാരം പരിഷ്കരിച്ച ന്യായവിലയിൽ കാലാകാലങ്ങളിൽ ഒരു നിശ്ചിതശതമാനം വർദ്ധനവ് വരുത്താവുന്നതും അപ്രകാരം വർദ്ധനവ് വരുത്തിയ വില ഭൂമിയുടെ ന്യായവിലയായി കരുതപ്പെടേണ്ടതുമാണ്.";

(2) പട്ടികയിൽ,—

(എ) ക്രമനമ്പർ 16-ൽ, (2)-ാം കോളത്തിൽ, "അല്ലെങ്കിൽ മറ്റ് റവന്യൂ ഉദ്യോഗസ്ഥനോ" എന്ന വാക്കുകൾക്ക് പകരം "മറ്റ് റവന്യൂ ഉദ്യോഗസ്ഥനോ അല്ലെങ്കിൽ ഒരു സിവിൽ ഉദ്യോഗസ്ഥനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) ക്രമനമ്പർ 33-നും അതിനെതിരെയുള്ള (1)-ഉം (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും വിശദീകരണത്തിനും പകരം താഴെപ്പറയുന്ന ക്രമനമ്പരും ഉൾക്കുറിപ്പും വിശദീകരണവും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

33. പാട്ടച്ചാർത്ത്- ഒരു കീഴ്ചാർത്തും അല്ലെങ്കിൽ അടിച്ചാർത്തും പാട്ടത്തിനോ കീഴ്പ്പാട്ടത്തിനോ കൊടുക്കുന്നതിനുള്ള ഏതെങ്കിലും കരാറും ഉൾപ്പെടെ- അത്തരത്തിലുള്ള പാട്ടച്ചാർത്ത്—

| | |
|---|---|
| (എ) ഒരു വർഷത്തിൽ കുറഞ്ഞ ഒരു കാലയളവിലേക്ക്: | 500 രൂപ. |
| (ബി) ഒരു വർഷത്തിൽ കുറയാതെയും അഞ്ചുവർഷത്തിൽ കവിയാതെയുമുള്ള ഒരു കാലയളവിലേക്ക്: | ഏറ്റവും കുറഞ്ഞത് 500 രൂപ എന്നതിനു വിധേയമായി വസ്തുവിന്റെ മൂല്യത്തിന്റെ പത്ത് ശതമാനം (അതതുസംഗതി പോലെ നമ്പർ 21 അല്ലെങ്കിൽ 22) തീറാധാരത്തിനുള്ള മുദ്രവില തന്നെ. |
| (സി) അഞ്ചുവർഷത്തിൽ കവിഞ്ഞതും എന്നാൽ പത്തുവർഷത്തിൽ കവിയാതെയുമുള്ള ഒരു കാലയളവിലേക്ക്: | ഏറ്റവും കുറഞ്ഞത് 1000 രൂപ എന്നതിനു വിധേയമായി വസ്തുവിന്റെ മൂല്യത്തിന്റെ ഇരുപത് ശതമാനം (അതതുസംഗതിപോലെ നമ്പർ 21 അല്ലെങ്കിൽ 22) തീറാധാരത്തിനുള്ള മുദ്രവില തന്നെ. |
| (ഡി) പത്തുവർഷത്തിൽ കവിഞ്ഞതും എന്നാൽ ഇരുപത് വർഷത്തിൽ കവിയാതെയുമുള്ള കാലയളവിലേക്ക്: | ഏറ്റവും കുറഞ്ഞത് 2000 രൂപ എന്നതിനുവിധേയമായി വസ്തുവിന്റെ മൂല്യത്തിന്റെ അൻപത് ശതമാനം (അതതുസംഗതിപോലെ നമ്പർ 21 അല്ലെങ്കിൽ 22) തീറാധാരത്തിനുള്ള മുദ്രവില തന്നെ. |

| | |
|---|---|
| (ഇ) ഇരുപത് വർഷത്തിൽ കവിഞ്ഞതും എന്നാൽ മുപ്പത് വർഷത്തിൽ കവിയാതെയുമുള്ള കാലയളവിലേക്ക്: | വസ്തുവിന്റെ മൂല്യത്തിന്റെ എഴുപത്തിയഞ്ച് ശതമാനം (അതതുസംഗതിപോലെ നമ്പർ 21 അല്ലെങ്കിൽ 22) തീറാധാരത്തിനുള്ള മുദ്രവില തന്നെ. |
| (എഫ്) മുപ്പത് വർഷത്തിൽ കവിഞ്ഞതോ ഏതെങ്കിലും നിശ്ചിത കാലയളവിലേക്ക് അല്ലാത്തതോ ആയവയ്ക്ക് : | വസ്തുവിന്റെ മൂല്യത്തിന്റെ തൊണ്ണൂറ് ശതമാനം (അതതുസംഗതിപോലെ നമ്പർ 21 അല്ലെങ്കിൽ 22) തീറാധാരത്തിനുള്ള മുദ്രവില തന്നെ. |

വിശദീകരണം I.—ഈ ക്രമനമ്പറിന്റെ ആവശ്യത്തിലേക്കായി, "വസ്തുവിന്റെ മൂല്യം" എന്നാൽ 28 എ വകുപ്പ് പ്രകാരം ന്യായവില നിശ്ചയിച്ചിട്ടുള്ളിടത്ത് അത്തരം ന്യായവിലയും ന്യായവില നിശ്ചയിച്ചിട്ടില്ലാത്ത പാട്ടത്തിനോ സർക്കാർ വസ്തുവിന്റെ പാട്ടത്തിനോ പാട്ടച്ചാർത്തിൽ പ്രസ്താവിച്ചിട്ടുള്ള വില്പന വിലയും എന്നർത്ഥമാകുന്നു.

വിശദീകരണം II.—പ്രീമിയത്തിന്റെയോ മുൻകൂർ ആയി നൽകിയതോ നൽകാനുള്ളതോ ആയ പണത്തിന്റെയോ രൂപത്തിലുള്ള ഏതെങ്കിലും പ്രതിഫലം, അവ ഏത് പേരിൽ അറിയപ്പെട്ടാലും, മുദ്രപ്പത്ര നികുതി തിട്ടപ്പെടുത്തുന്നതിലേക്കായി ന്യായവിലയോടൊപ്പം കൂട്ടിച്ചേർക്കേണ്ടതാണ്.

വിശദീകരണം III.—പാട്ടച്ചാർത്ത്, ഒരു ഇനത്തിലുള്ള വസ്തുമാത്രമായി ബന്ധപ്പെട്ടിട്ടുള്ളതും ആ വസ്തു ഒരു കെട്ടിടമാണെങ്കിലോ ആധാരം ഒന്നിലധികം ഇനത്തിലുള്ള വസ്തുക്കളുമായി ബന്ധപ്പെട്ടിട്ടുള്ളതും ഒന്നോ അതിലധികമോ ഉള്ള അത്തരം ഇനങ്ങൾ കെട്ടിടമോ കെട്ടിടങ്ങളോ ആണെങ്കിൽ അത്തരം പാട്ടത്തിനുകീഴിൽ ഒടുക്കേണ്ടതോ നൽകേണ്ടതോ ആയ മുഴുവൻ വാടകതുകയും അല്ലെങ്കിൽ പ്രീമിയത്തിന്റെയോ മുൻകൂർ ആയി നൽകിയതോ നൽകാനുള്ളതോ ആയ പണത്തിന്റെയോ രൂപത്തിലുള്ള ഏതെങ്കിലും പ്രതിഫലം അല്ലെങ്കിൽ വസ്തു സ്ഥിതിചെയ്യുന്ന സ്ഥലത്തിന് അനുസൃതമായ ന്യായവില, ഇതിൽ ഏതാണോ കൂടുതൽ, ആയത് വസ്തുവിന്റെ മൂല്യമായി കരുതപ്പെടേണ്ടതാണ്.

വിശദീകരണം IV.—പുതുക്കുന്നതിനുള്ള കാലാവധി, പ്രത്യേകമായി പരാമർശിച്ചിട്ടുള്ള പക്ഷം, നിലവിലുള്ള പാട്ടത്തിന്റെ ഭാഗമായി കരുതപ്പെടേണ്ടതാണ്.";

(സി) ക്രമനമ്പർ 43-ൽ,—

(i) ഇനം ബി-യ്ക്ക് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

| | |
|---|---|
| "ബി പങ്കാളിത്തത്തിന്റെ പുനഃസംഘടനയ്ക്കുള്ള കരണം അതായത്, പങ്കാളിത്തത്തിൽ ഓഹരിയായി അയാൾ വാങ്ങിയിട്ടുള്ളതല്ലാത്തതായ വസ്തു നൽകിയിട്ടുള്ള ഒരു പങ്കാളിയല്ലാത്ത ഒരു പങ്കാളി, ഒരു പങ്കാളിത്തം പുനഃസംഘടിപ്പിക്കുമ്പോൾ അയാൾ ഓഹരിയായി എടുക്കുന്ന ഏതെങ്കിലും സ്ഥാവരവസ്തു | ഏറ്റവും കുറഞ്ഞത് ആയിരം രൂപ എന്നതിനുവിധേയമായി വസ്തുവിന്റെ ന്യായവിലയുടെ എട്ട് ശതമാനം"; |

(ii) അപ്രകാരം പകരം ചേർക്കപ്പെട്ട ഇനം ബി-യ്ക്ക് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

| | |
|---|---|
| "സി. പങ്കാളിത്ത കരാർ പിരിച്ചുവിടുമ്പോൾ— | |
| (എ) പങ്കാളിത്തത്തിൽ ഓഹരിയായി അയാൾ വാങ്ങിയിട്ടുള്ളതല്ലാത്തതായ വസ്തു നൽകിയിട്ടുള്ള പങ്കാളിയല്ലാത്ത ഒരു പങ്കാളി, ഒരു പങ്കാളിത്തം പിരിച്ചുവിടുമ്പോൾ അയാൾ ഓഹരിയായി എടുക്കുന്ന ഏതെങ്കിലും സ്ഥാവരവസ്തു | ഏറ്റവും കുറഞ്ഞത് ആയിരം രൂപ എന്നതിന് വിധേയമായി വസ്തുവിന്റെ ന്യായവിലയുടെ എട്ട് ശതമാനം"; |
| (ബി) മറ്റ് ഏതെങ്കിലും സംഗതികളിൽ | ആയിരം രൂപ" ; |

(ഡി) ക്രമനമ്പർ 44-ൽ, ഇനം (ജി)-യിൽ, (2)-ാം കോളത്തിലെ ഉൾക്കുറിപ്പുകൾക്ക് പകരം താഴെപ്പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"വില്പന അധികാരപ്പെടുത്തുന്നതിനുള്ള മുക്ത്യാറോ ഏതെങ്കിലും തരത്തിലുള്ള സ്ഥാവര വസ്തുവിന്റെ കൈമാറ്റമോ അല്ലാത്തതും കേരളത്തിൽ സ്ഥിതിചെയ്യുന്ന ഏതെങ്കിലും സ്ഥാവര വസ്തുവിൽ നിർമ്മാണങ്ങൾ നടത്തുന്നതിനോ വികസിപ്പിക്കു ന്നതിനോ (ഏതു രീതിയിലായാലും) ഒരു പ്രമോട്ടർക്കോ ഡവലപ്പർക്കോ, ഏതു പേരിലറിയപ്പെട്ടാലും, പ്രാധികാരപ്പെടുത്തലോ അധികാരമോ നൽകുമ്പോൾ".

3. 1960-ലെ 10-ാം ആക്റ്റിന്റെ ഭേദഗതി.—1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റിലെ (1960-ലെ 10) പട്ടിക II-ൽ, 19-ാം ആർട്ടിക്കിളിനും (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും ശേഷം താഴെപ്പറയുന്ന ആർട്ടിക്കിളും ഉൾക്കുറിപ്പുകളും (1)-ഉം (2)-ഉം (3)-ഉം കോളങ്ങളിൽ യഥാക്രമം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

"20.(എ) 1984-ലെ കുടുംബ കോടതി ആക്റ്റിന്റെ (1984-ലെ 66-ാം കേന്ദ്ര ആക്റ്റ്) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പ് വിശദീകരണം (സി) പ്രകാരം കുടുംബകോടതി മുമ്പാകെ സമർപ്പിക്കുന്ന ഹർജി അല്ലെങ്കിൽ പ്രത്യവകാശവാദം,—

തർക്കത്തിലുള്ള വിഷയത്തിന്റെ മൂല്യം അല്ലെങ്കിൽ തുക:—

| | | |
|---|---|---|
| (i) | ഒരു ലക്ഷം രൂപ കവിയാതെ | ഇരുനൂറ് രൂപ |
| (ii) | ഒരു ലക്ഷം കവിഞ്ഞതും അഞ്ച് ലക്ഷം രൂപ വരെയും | അവകാശവാദതുകയുടെ അരശതമാനം |
| (iii) | അഞ്ചുലക്ഷം രൂപയ്ക്കുമേൽ | ഏറ്റവും കൂടിയത് രണ്ട് ലക്ഷം രൂപ എന്നതിന് വിധേയമായി അവകാശവാദ തുകയുടെ ഒരു ശതമാനം |

(ബി) ഖണ്ഡം(എ)-യുടെ കീഴിൽവരുന്ന ഹർജി അല്ലെങ്കിൽ പ്രത്യവകാശവാദത്തിലെ ഉത്തരവിന് എതിരായി 1984-ലെ കുടുംബ കോടതി ആക്റ്റിന്റെ (1984-ലെ 66-ാം കേന്ദ്ര ആക്റ്റ്) 19-ാം വകുപ്പ് പ്രകാരം ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യുന്ന അപ്പീൽ മെമ്മോറാണ്ടത്തിൽ,—

തർക്കത്തിലുള്ള വിഷയത്തിന്റെ മൂല്യം അല്ലെങ്കിൽ തുക:—

| | | |
|---|---|---|
| (i) | ഒരു ലക്ഷം രൂപ കവിയാതെ | ഇരുനൂറ് രൂപ |
| (ii) | ഒരു ലക്ഷം കവിഞ്ഞതും അഞ്ച് ലക്ഷം രൂപ വരെയും | അവകാശവാദതുകയുടെ അരശതമാനം |
| (iii) | അഞ്ചുലക്ഷം രൂപയ്ക്കുമേൽ | ഏറ്റവും കൂടിയത് രണ്ട് ലക്ഷം രൂപ എന്നതിന് വിധേയമായി അവകാശ വാദ തുകയുടെ ഒരു ശതമാനം |

ഒഴിവാക്കൽ.— തർക്കവിഷയത്തിന്റെ മൂല്യം കണക്കാക്കുമ്പോൾ, വാസഗൃഹത്തിന്റെ മൂല്യം ഒഴിവാക്കേണ്ടതാണ്.

21.(എ) 1881-ലെ കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ (1881-ലെ 26-ാം കേന്ദ്ര ആക്റ്റ്) 138-ാം വകുപ്പിൻ കീഴിലുള്ള പരാതിയോ കുറ്റാരോപണമോ ഉൾപ്പെടുന്ന അപേക്ഷ അല്ലെങ്കിൽ ഹർജി:—

| | | |
|---|---|---|
| (i) | പരാതിയിൽ ഉൾപ്പെട്ട അനാദരിക്കപ്പെട്ട ചെക്കിന്റെ തുക പതിനായിരം രൂപ കവിയാത്തപക്ഷം | ഇരുന്നൂറ്റിയൻപത് രൂപ |
| (ii) | പരാതിയിൽ ഉൾപ്പെട്ട അനാദരിക്കപ്പെട്ട ചെക്കിന്റെ തുക പതിനായിരം രൂപ കവിയുന്നപക്ഷം | ഏറ്റവും കൂടിയത് മൂന്ന് ലക്ഷം രൂപ എന്നതിന് വിധേയമായി മുഴുവൻ ചെക്ക് തുകയുടെ അഞ്ച് ശതമാനം |

(ബി) 1881-ലെ കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ (1881-ലെ 26-ാം കേന്ദ്ര ആക്റ്റ്) 138-ാം വകുപ്പിൻ കീഴിലുള്ള അപ്പീൽ മെമ്മോറാണ്ടം:—

| | | |
|---|---|---|
| (i) | കുറ്റാരോപിതൻ സെഷൻസ് കോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുമ്പോൾ | ആയിരം രൂപ |
| (ii) | പരാതിക്കാരൻ ഹൈക്കോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുമ്പോൾ | വിചാരണ കോടതിയിൽ ഒടുക്കിയ കോടതി ഫീസിന്റെ പകുതിയ്ക്ക് തുല്യമായ തുക |

(സി) ഹൈക്കോടതി മുമ്പാകെ നൽകുന്ന റിവിഷൻ ഹർജി:—

| | | |
|---|---|---|
| (i) | ശിക്ഷാവിധിയുടെ അപര്യാപ്തത ചോദ്യം ചെയ്തുകൊണ്ട് പരാതിക്കാരൻ ഫയൽ ചെയ്യുമ്പോൾ | ചെക്ക് തുകയുടെ പത്തിലൊന്ന് |
| (ii) | കുറ്റസ്ഥാപനത്തിനെതിരെ കുറ്റാരോപിതൻ ഫയൽ ചെയ്യുമ്പോൾ | ആയിരത്തി അഞ്ഞൂറ് രൂപ.". |

4. <u>1963-ലെ 23-ാം ആക്റ്റിന്റെ ഭേദഗതി.</u>—1963-ലെ കേരള വിദ്യുച്ഛക്തി നികുതി ആക്റ്റിൽ (1963-ലെ 23),—

(i) 3-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ "6 നയാപൈസവച്ച്" എന്ന അക്കത്തിനും വാക്കിനും പകരം "10 പൈസവച്ച്" എന്ന അക്കവും വാക്കും ചേർക്കേണ്ടതാണ്;

(ii) പട്ടികയിൽ ഇനം നം.5-ൽ, (3)-ാം കോളത്തിൽ "1.2" എന്ന അക്കത്തിനും ചിഹ്നത്തിനും പകരം "15" എന്ന അക്കം ചേർക്കേണ്ടതാണ്.

5. <u>1976-ലെ 19-ാം ആക്റ്റിന്റെ ഭേദഗതി.</u>—1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്റ്റിലെ (1976-ലെ 19),—

(1) 3-ാം വകുപ്പ് (5)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ, രണ്ടാം ക്ലിപ്തനിബന്ധനയ്ക്കുപകരം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല, 1988-ലെ മോട്ടോർ വാഹന ആക്റ്റിലെ (1988-ലെ 59-ാം കേന്ദ്ര ആക്റ്റ്) 88-ാം വകുപ്പിന്റെ (9)-ാം ഉപവകുപ്പ് പ്രകാരം പെർമിറ്റ് ഉള്ളതും കേരള സംസ്ഥാനത്തല്ലാതെ മറ്റ് ഏതെങ്കിലും സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തതും കേരള സംസ്ഥാനത്ത് പ്രവേശിക്കുകയും അവിടെ തങ്ങുകയും ചെയ്യുന്ന വാഹനങ്ങളുടെ സംഗതിയിൽ, അപ്രകാരമുള്ള വാഹനത്തിന് നൽകേണ്ടതായ നികുതി,—

(i) അപ്രകാരമുള്ള തങ്ങൽ, ഏഴ് ദിവസത്തിൽ അധികരിക്കാത്തപക്ഷം, ഒരു റൗണ്ട് ട്രിപ്പിന് ത്രൈമാസ നികുതിയുടെ പത്തിലൊന്നും;

(ii) അപ്രകാരമുള്ള തങ്ങൽ, ഏഴ് ദിവസത്തിൽ അധികരിക്കുകയും മുപ്പത് ദിവസത്തിൽ അധികരിക്കാതിരിക്കുകയും ചെയ്യുന്നപക്ഷം, ഒരു റൗണ്ട് ട്രിപ്പിന് ത്രൈമാസ നികുതിയുടെ മൂന്നിലൊന്നും;

(iii) സംസ്ഥാനത്ത് തുടർച്ചയായ പ്രവർത്തനം നടത്തുന്ന സംഗതിയിൽ, ത്രൈമാസ നികുതിയും

ആയിരിക്കുന്നതാണ്.";

(2) പട്ടികയിൽ ക്രമനമ്പർ 7-ൽ (i)-ാം ഇനത്തിൽ,—

(i) ഉപ ഇനം (ഇ)-യിൽ,—

(എ) (i)-ാം ഉൾക്കുറിപ്പിൽ, (3)-ാം കോളത്തിൽ, "2250" എന്ന അക്കത്തിന് പകരം "1500" എന്ന അക്കം ചേർക്കേണ്ടതാണ്;

(ബി) (ii)-ാം ഉൾക്കുറിപ്പിൽ, (3)-ാം കോളത്തിൽ, "3000" എന്ന അക്കത്തിന് പകരം "2000" എന്ന അക്കം ചേർക്കേണ്ടതാണ്;

(സി) (iii)-ാം ഉൾക്കുറിപ്പിൽ, (3)-ാം കോളത്തിൽ, "4000" എന്ന അക്കത്തിന് പകരം "3000" എന്ന അക്കം ചേർക്കേണ്ടതാണ്;

(ii) ഉപ ഇനം (എഫ്)-ൽ "(8)-ഉം (9)-ഉം ഉപവകുപ്പുകൾ" എന്ന ബ്രാക്കറ്റുകൾക്കും ചിഹ്നങ്ങൾക്കും അക്കങ്ങൾക്കും വാക്കുകൾക്കും പകരം "(8)-ാം ഉപവകുപ്പ്" എന്ന ബ്രാക്കറ്റും ചിഹ്നവും വാക്കും ചേർക്കേണ്ടതാണ്.

## അദ്ധ്യായം III
## ആംനസ്റ്റി സ്കീം 2024

6. നിർവ്വചനങ്ങൾ.—ഈ അദ്ധ്യായത്തിൽ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "സമ്മതിച്ചിട്ടുള്ള നികുതി" എന്നാൽ ബന്ധപ്പെട്ട ആക്റ്റിൻ കീഴിലുള്ള റിട്ടേണുകളുടെയും അക്കൗണ്ട് ബുക്കുകളുടെയും നികുതിയുടെയും സർചാർജ്ജിന്റെയും

അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തൽ അധികാരസ്ഥാനം തിട്ടപ്പെടുത്തിയ പ്രകാരം ഒടുക്കേണ്ടതായ നികുതി അല്ലെങ്കിൽ സർചാർജ്ജ് കുടിശ്ശിക എന്നർത്ഥമാകുന്നതും എന്നാൽ തർക്കത്തിലുള്ള നികുതി അല്ലെങ്കിൽ തർക്കത്തിലുള്ള സർചാർജ്ജ് ഉൾപ്പെടുന്നതല്ലാത്തതുമാണ്:

എന്നാൽ, ബന്ധപ്പെട്ട ആക്റ്റിൻ കീഴിൽ ചുമത്തിയിട്ടുള്ള പിഴയെ സംബന്ധിച്ചുള്ള തെളിവുകളും വിശദാംശങ്ങളും രേഖകളും ഉപയോഗപ്പെടുത്തിയിട്ടില്ലാത്തതോ അല്ലെങ്കിൽ ബന്ധപ്പെട്ട ആക്റ്റിൻ കീഴിൽ മികച്ച വിധിനിർണ്ണയ തിട്ടപ്പെടുത്തലിനായി ഉപയോഗപ്പെടുത്തുവാൻ സാധ്യമല്ലാത്ത സംഗതിയിൽ അത്തരം പിഴയുമായി ബന്ധപ്പെട്ട നികുതി അല്ലെങ്കിൽ സർചാർജ്ജ് ഡിമാൻഡ് സമ്മതിച്ചിട്ടുള്ള നികുതിയായി കരുതപ്പെടുന്നതും, എന്നാൽ തർക്കത്തിലുള്ള നികുതി അല്ലെങ്കിൽ തർക്കത്തിലുള്ള സർചാർജ്ജ് ഉൾപ്പെടുന്നതല്ലാത്തതുമാണ്;

(ബി) "ഒടുക്കേണ്ട തുക" എന്നാൽ സ്കീമിലെ വ്യവസ്ഥകൾ പ്രകാരം നികുതിയുടെയോ സർചാർജ്ജിന്റെയോ പലിശയുടെയോ പിഴയുടെയോ കുടിശ്ശിക തീർപ്പാക്കുന്നതിലേയ്ക്കായി ഒരു അപേക്ഷകൻ ഒടുക്കേണ്ടതായ തുക എന്നർത്ഥമാകുന്നു;

(സി) "ഒഴിവാക്കപ്പെട്ട തുക" എന്നാൽ സ്കീമിലെ വ്യവസ്ഥകൾ പ്രകാരം നികുതിയുടെയോ സർചാർജ്ജിന്റെയോ പലിശയുടെയോ പിഴയുടെയോ കുടിശ്ശിക തീർപ്പാക്കലിന്റെ ഭാഗമായി ഒരു അപേക്ഷകൻ ഒടുക്കേണ്ടതില്ലാത്ത തുകയും സർക്കാർ ഒഴിവാക്കിയിട്ടുള്ള നികുതിയുടെയോ സർചാർജ്ജിന്റെയോ പലിശയുടെയോ അല്ലെങ്കിൽ പിഴയുടെയോ കുടിശ്ശിക എന്നർത്ഥമാകുന്നു;

(ഡി) "അപേക്ഷകൻ" എന്നാൽ ബന്ധപ്പെട്ട ആക്റ്റിൻകീഴിൽ നികുതിയോ സർചാർജ്ജോ പലിശയോ പിഴയോ ഒടുക്കുവാൻ ബാധ്യസ്ഥനായ ഏതെങ്കിലും വ്യക്തി അല്ലെങ്കിൽ വ്യാപാരി എന്നർത്ഥമാകുന്നു;

(ഇ) (i) "നികുതിയുടെയോ സർചാർജ്ജിന്റെയോ കുടിശ്ശിക" എന്നാൽ 2017-2018 വരെയുള്ള തിട്ടപ്പെടുത്തൽ വർഷങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട ആക്റ്റിൻ കീഴിലുള്ള ഒരു നിർദ്ദിഷ്ട ഉത്തരവിൽ ഒരു അപേക്ഷകൻ ഒടുക്കേണ്ടതായ നികുതി അല്ലെങ്കിൽ സർചാർജ്ജ്, അതിലേയ്ക്കായി ബന്ധപ്പെട്ട ആക്റ്റിൻ കീഴിൽ തിട്ടപ്പെടുത്തൽ അല്ലെങ്കിൽ പുനഃതിട്ടപ്പെടുത്തൽ നടത്തിയിട്ടുള്ളതും സ്കീമിന്റെ കീഴിൽ അപേക്ഷ സമർപ്പിക്കുന്ന തീയതിയിൽ പിരിച്ചെടുക്കുവാൻ ബാക്കിയുള്ളതുമായ തുക എന്നർത്ഥമാകുന്നു;

(ii) "പലിശയുടെ കുടിശ്ശിക" എന്നാൽ 2017-2018 വരെയുള്ള തിട്ടപ്പെടുത്തൽ വർഷങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട ആക്റ്റിൻ കീഴിലുള്ള ഒരു നിർദ്ദിഷ്ട ഉത്തരവിൽ ഒരു അപേക്ഷകൻ ഒടുക്കേണ്ടതായ പലിശ, അതിലേയ്ക്കായി ബന്ധപ്പെട്ട ആക്റ്റിൻകീഴിൽ തിട്ടപ്പെടുത്തൽ അല്ലെങ്കിൽ പുനഃതിട്ടപ്പെടുത്തൽ നടത്തിയിട്ടുള്ളതും സ്കീമിന്റെ കീഴിൽ അപേക്ഷ സമർപ്പിക്കുന്ന തീയതിയിൽ പിരിച്ചെടുക്കുവാൻ ബാക്കിയുള്ളതുമായ തുക എന്നർത്ഥമാകുന്നു;

(iii) "പിഴയുടെ കുടിശ്ശിക" എന്നാൽ 2017-2018 വരെയുള്ള തിട്ടപ്പെടുത്തൽ വർഷങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട ആക്റ്റിൻ കീഴിലുള്ള ഒരു നിർദ്ദിഷ്ട ഉത്തരവിൽ ഒരു അപേക്ഷകൻ ഒടുക്കേണ്ടതായ പിഴ, അതിലേയ്ക്കായി ബന്ധപ്പെട്ട ആക്റ്റിൻ കീഴിൽ തിട്ടപ്പെടുത്തൽ അല്ലെങ്കിൽ പുനഃതിട്ടപ്പെടുത്തൽ നടത്തിയിട്ടുള്ളതും സ്കീമിന്റെ കീഴിൽ അപേക്ഷ സമർപ്പിക്കുന്ന തീയതിയിൽ പിരിച്ചെടുക്കുവാൻ ബാക്കിയുള്ളതുമായ തുക എന്നർത്ഥമാകുന്നു;

എന്നാൽ സ്കീമിന്റെ പ്രാബല്യത്തീയതിയിൽ ഏതെങ്കിലും അധികാരസ്ഥാനമോ കോടതിയോ ട്രിബ്യൂണലോ ഏതെങ്കിലും തുകയിന്മേൽ സ്റ്റേ അനുവദിച്ചിട്ടുള്ള പക്ഷം ആയതും പിരിച്ചെടുക്കാൻ ബാക്കിയുള്ള തുകയായി കരുതപ്പെടുന്നതാണ്.

<u>വിശദീകരണം</u>.—I: സ്കീമിന്റെ ആവശ്യത്തിലേയ്ക്കായി, "പുനഃതിട്ടപ്പെടുത്തൽ" എന്ന പദത്തിൽ ബന്ധപ്പെട്ട ആക്റ്റിന്റെ കീഴിലുള്ള റിമാൻഡ് ചെയ്ത കേസുകളുടെ പുതിയ തിട്ടപ്പെടുത്തലും തിട്ടപ്പെടുത്തൽ ഉത്തരവിന്റെ പരിഷ്കരണവും തിട്ടപ്പെടുത്തൽ ഉത്തരവിന്റെ തിരുത്തലും ഉൾപ്പെടുന്നതാണ്.

<u>വിശദീകരണം</u>.—II: ഡിമാൻഡ് നോട്ടീസ് പ്രകാരമുള്ള നികുതി, സർചാർജ്ജ്, പലിശ, പിഴ തുക എന്നിവയിൽ ഡിമാൻഡ് നോട്ടീസ് നൽകിയതിനുശേഷം ഏതെങ്കിലും തുക അപേക്ഷകൻ ഭാഗികമായി ഒടുക്കുകയോ നിക്ഷേപിക്കുകയോ ചെയ്തിട്ടുണ്ടെങ്കിലും, പിരിച്ചെടുക്കുവാൻ ബാക്കിയുള്ള തുകയായി കണക്കാക്കുന്നതാണ്.

ദൃഷ്ടാന്തം I:

- 1000 രൂപ നികുതി/സർചാർജ്ജ് തുകയും 100 രൂപ പിഴ തുകയും വേണ്ടിയായിരുന്ന അപേക്ഷകന് കാരണം കാണിക്കൽ നോട്ടീസ്.
- 1000 രൂപ നികുതി/സർചാർജ്ജ് തുകയും 100 രൂപ പിഴ തുകയുമായാണ് ഉത്തരവ്.
- ഈ ഉത്തരവിന്മേൽ അപേക്ഷകൻ അപ്പീൽ ഫയൽ ചെയ്തു.
- ഈ കേസിൽ നികുതി അല്ലെങ്കിൽ സർചാർജ്ജ് കുടിശ്ശിക 1000 രൂപയാണ്.

ദൃഷ്ടാന്തം II:

- 1000 രൂപ നികുതി/സർചാർജ്ജ് തുകയും 100 രൂപ പിഴ തുകയും വേണ്ടിയായിരുന്ന അപേക്ഷകന് കാരണം കാണിക്കൽ നോട്ടീസ്.
- 900 രൂപ നികുതി/സർചാർജ്ജ് തുകയും 90 രൂപ പിഴ തുകയുമായാണ് ഉത്തരവ്.
- ഈ ഉത്തരവിന്മേൽ അപേക്ഷകൻ അപ്പീൽ ഫയൽ ചെയ്തു.
- ഈ കേസിൽ നികുതി അല്ലെങ്കിൽ സർചാർജ്ജ് കുടിശ്ശിക 900 രൂപയാണ്.

ദൃഷ്ടാന്തം III:

- 1000 രൂപ നികുതി/സർചാർജ്ജ് തുകയും 500 രൂപ പിഴ തുകയും വേണ്ടിയായിരുന്നു കാരണം കാണിക്കൽ നോട്ടീസ്.
- 1000 രൂപ നികുതി/സർചാർജ്ജ് തുകയും 500 രൂപ പിഴ തുകയുമായാണ് ഉത്തരവ്.
- പുനഃതിട്ടപ്പെടുത്തലിനുശേഷം നികുതി/സർചാർജ്ജ് 800 രൂപയാകുകയും പലിശ 300 രൂപയാകുകയും ചെയ്തു.
- പുനഃതിട്ടപ്പെടുത്തലിനുശേഷം നികുതി/സർചാർജ്ജ് തുകയിൽ 500 രൂപയും പിഴ തുകയിൽ 200 രൂപയും ഒടുക്കി.
- ഈ കേസിൽ നികുതി അല്ലെങ്കിൽ സർചാർജ്ജ് കുടിശ്ശിക 800 രൂപയും പിഴ കുടിശ്ശിക 300 രൂപയുമാണ്.

(എഫ്) "തീർപ്പാക്കൽ സർട്ടിഫിക്കറ്റ്" എന്നാൽ ബന്ധപ്പെട്ട ആക്റ്റിൻകീഴിലുള്ള നിർദ്ദിഷ്ട ഉത്തരവ് പ്രകാരമുള്ള നികുതിയോ സർചാർജ്ജോ പിഴയോ, സ്കീമിന്റെ കീഴിൽ തീർപ്പാക്കിയതിനു നൽകിയിട്ടുള്ള ഒരു സർട്ടിഫിക്കറ്റ് എന്നർത്ഥമാകുന്നു;

(ജി) "സംസ്ഥാന നികുതി കമ്മീഷണർ" എന്നാൽ 2017-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി ആക്റ്റ് (2017-ലെ 20) 2-ാം വകുപ്പ് (24)-ാം ഖണ്ഡപ്രകാരം നിയമിച്ചിട്ടുള്ള സംസ്ഥാന നികുതി കമ്മീഷണർ എന്നർത്ഥമാകുന്നു;

(എച്ച്) "നിയുക്ത അധികാരസ്ഥാനം" എന്നാൽ ഈ ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം നിയമിച്ചിട്ടുള്ള ഒരു അധികാരസ്ഥാനം എന്നർത്ഥമാകുന്നു;

(ഐ) "തർക്കത്തിലുള്ള നികുതി" എന്നാൽ സ്കീമിന്റെ പ്രാബല്യത്തീയതിയിൽ നികുതിയുടെയോ സർചാർജ്ജിന്റെയോ കുടിശ്ശികയ്ക്കെതിരായി ഏതെങ്കിലും അധികാര സ്ഥാനത്തിന്റെയോ ട്രിബ്യൂണലിന്റെയോ കോടതിയുടെയോ മുമ്പാകെ ഒരു അപ്പീലോ റിവിഷനോ റിവ്യൂവോ തീർപ്പാകാതെയുള്ളത് എന്നർത്ഥമാകുന്നു:

എന്നാൽ ബന്ധപ്പെട്ട ആക്റ്റിൻ കീഴിൽ ചുമത്തിയിട്ടുള്ള പിഴയെ സംബന്ധിച്ച തെളിവുകളും വിശദാംശങ്ങളും രേഖകളും ഉപയോഗപ്പെടുത്തിയിട്ടില്ലാത്തതോ അല്ലെങ്കിൽ ബന്ധപ്പെട്ട ആക്റ്റിൻ കീഴിൽ മികച്ച വിധിനിർണ്ണയ തിട്ടപ്പെടുത്തലിനായി ഉപയോഗപ്പെടുത്തുവാൻ സാധ്യമല്ലാത്ത സംഗതിയിൽ സ്കീമിന്റെ പ്രാബല്യത്തീയതിയിൽ അത്തരം പിഴ ചുമത്തിയതിനെതിരെ ഏതെങ്കിലും അധികാരസ്ഥാനം, ട്രിബ്യൂണൽ, അല്ലെങ്കിൽ കോടതി മുമ്പാകെ ഒരു അപ്പീൽ, റിവിഷൻ അല്ലെങ്കിൽ റിവ്യൂ തീർപ്പാകാതെയുള്ളതും, നികുതി അല്ലെങ്കിൽ സർചാർജ്ജ് ഡിമാൻഡുമായി ബന്ധപ്പെട്ട അത്തരം പിഴയെ, തർക്കത്തിലുള്ള നികുതി അല്ലെങ്കിൽ തർക്കത്തിലുള്ള സർചാർജ്ജ് ആയി കരുതപ്പെടുന്നതാണ്;

(ജെ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(കെ) "ഒടുക്കുന്ന സമയത്ത് ആർജ്ജിച്ചിട്ടുള്ള പലിശ" എന്നാൽ ഉത്തരവിൽ വിനിർദ്ദേശിച്ചിട്ടില്ലാത്തതും എന്നാൽ ഉത്തരവ് തീയതിയ്ക്കും കുടിശ്ശികയുടെ അന്തിമ തീർപ്പാക്കൽ തീയതിയ്ക്കുമിടയിലുള്ള കാലയളവിൽ ആർജ്ജിച്ചിട്ടുള്ളതുമായ പലിശതുക എന്നർത്ഥമാകുന്നു;

(എൽ) "വിജ്ഞാപനം" എന്നാൽ സർക്കാരിന്റെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാപനം എന്നർത്ഥമാകുന്നു;

(എം) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എൻ) "ബന്ധപ്പെട്ട ആക്റ്റ്" എന്നാൽ,—

(i) 1957-ലെ കേരള നികുതികളിന്മേലുള്ള സർചാർജ്ജ് ആക്റ്റ്(1957-ലെ 11);

(ii) 1963-ലെ കേരള പൊതുവില്പന നികുതി ആക്റ്റ് (1963-ലെ 15);

(iii) റദ്ദാക്കപ്പെട്ടിട്ടുള്ള 1976-ലെ കേരള ആഡംബരങ്ങളിന്മേലുള്ള നികുതി ആക്റ്റ് (1976-ലെ 32);

(iv) റദ്ദാക്കപ്പെട്ടിട്ടുള്ള 1991-ലെ കേരള കാർഷിക വരുമാന നികുതി ആക്റ്റ് (1991-ലെ 15);

(v) റദ്ദാക്കപ്പെട്ടിട്ടുള്ള 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റ് (2004-ലെ 30);

(vi) 1956-ലെ കേന്ദ്ര വില്പന നികുതി ആക്റ്റ് (1956-ലെ 74-ാം കേന്ദ്ര ആക്റ്റ്);

(ഒ) "സ്കീം അല്ലെങ്കിൽ ആംനസ്റ്റി സ്കീം, 2024" എന്നാൽ ഈ അദ്ധ്യായത്തിൻ കീഴിലുള്ള സ്കീം എന്നർത്ഥമാകുന്നു;

(പി) "നിർദ്ദിഷ്ട ഉത്തരവ്" എന്നാൽ ബന്ധപ്പെട്ട ആക്റ്റിൻകീഴിൽ ഒടുക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ള നികുതി, സർചാർജ്ജ്, പലിശ അല്ലെങ്കിൽ പിഴ സംബന്ധിച്ച ഏതെങ്കിലും ഉത്തരവ് എന്നർത്ഥമാകുന്നു.

(2) ഈ അദ്ധ്യായത്തിൽ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ബന്ധപ്പെട്ട ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ളതുമായ പദങ്ങൾക്കും പദപ്രയോഗങ്ങൾക്കും ആ ആക്റ്റിൽ അവയ്ക്ക് നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

7. നിയുക്ത അധികാരസ്ഥാനം.—സ്കീം നടപ്പിലാക്കുന്നതിന്റെ ആവശ്യത്തിലേക്കായി, സംസ്ഥാന നികുതി കമ്മീഷണർക്ക് ഒരു ഉത്തരവ് മുഖേന, 2017-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി ആക്റ്റിന്റെ (2017-ലെ 20) 3-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള

ഒന്നോ അതിലധികമോ ഉദ്യോഗസ്ഥരേയോ അല്ലെങ്കിൽ ഉദ്യോഗസ്ഥരുടെ ഒരു കമ്മിറ്റിയെയോ നിയുക്ത അധികാരസ്ഥാനമായി നിയമിക്കാവുന്നതും അത്തരം അധികാരസ്ഥാനത്തിന് സംസ്ഥാന നികുതി കമ്മീഷണർ വിനിർദ്ദേശിക്കുന്ന അത്തരം പ്രദേശത്തോ പ്രദേശങ്ങളിലോ അധികാരിത ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ, ഏതെങ്കിലും തീരുമാനത്തെയോ ഉത്തരവിനെയോ സംബന്ധിച്ച് നിയുക്ത അധികാരസ്ഥാനത്തിലെ അംഗങ്ങൾക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടാകുന്ന സംഗതികളിൽ ഭൂരിപക്ഷ അഭിപ്രായം നിലനിൽക്കുന്നതാണ്.

8.ഒത്തുതീർപ്പാക്കലിനുള്ള യോഗ്യത.—(1) സ്കീമിലെ മറ്റു വ്യവസ്ഥകൾക്കു വിധേയമായി 2017-2018 വരെയുള്ള തിട്ടപ്പെടുത്തൽ വർഷങ്ങളിൽ നികുതിയുടെയോ സർചാർജ്ജിന്റെയോ പലിശയുടെയോ പിഴയുടെയോ കുടിശ്ശിക തീർപ്പാക്കുന്നതിലേയ്ക്കായി അതിനെതിരെ ബന്ധപ്പെട്ട ആക്റ്റുകളിൻകീഴിലുള്ള ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ട്രിബ്യൂണലിന്റെയോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെ മുമ്പാകെയോ അപേക്ഷ സമർപ്പിക്കുന്ന തീയതിയിൽ അപ്പീലോ റിവിഷനോ റിവ്യൂവോ ഇല്ലാത്തപക്ഷം, അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകൻ യോഗ്യനാണ്:

എന്നാൽ, സ്കീമിന്റെ പ്രാബല്യത്തീയതിയിൽ ബന്ധപ്പെട്ട ആക്റ്റിന്റെ കീഴിലുള്ള ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ട്രിബ്യൂണലിന്റെയോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ മുമ്പാകെ ഏതെങ്കിലും അപ്പീലോ റിവിഷനോ റിവ്യൂവോ തീർപ്പാകാതെയുള്ള സംഗതിയിൽ, കുടിശ്ശിക തീർപ്പാക്കാനുള്ള അപേക്ഷ, അതതുസംഗതിപോലെ, അധികാരസ്ഥാനമോ ട്രിബ്യൂണലോ കോടതിയോ കേസ് പിൻവലിക്കുന്നതിന് നൽകിയിട്ടുള്ള അനുമതിയുടെ പകർപ്പ് സഹിതം സമർപ്പിക്കേണ്ടതാണ്:

എന്നുമാത്രമല്ല, സ്കീമിന്റെ പ്രാബല്യത്തീയതിയിൽ, ബന്ധപ്പെട്ട ആക്റ്റിനുകീഴിലുള്ള ഏതെങ്കിലും അപ്പീൽ അധികാരസ്ഥാനത്തിന്റെയോ അപ്പലേറ്റ് ട്രിബ്യൂണലിന്റെയോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ മുമ്പാകെ സർക്കാർ ഫയൽ ചെയ്തിട്ടുള്ള ഏതെങ്കിലും അപ്പീൽ തീർപ്പാകാതെയുള്ള സംഗതിയിൽ, 9-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള അപേക്ഷയിൽ വിനിർദ്ദേശിച്ചിട്ടുള്ള അസ്സൽ ഉത്തരവിലെ തുക, നികുതിയുടെയോ സർചാർജ്ജിന്റെയോ പലിശയുടെയോ പിഴയുടെയോ കുടിശ്ശികയായി കണക്കാക്കുന്നതാണ്. അത്തരം അപേക്ഷ ലഭിച്ചാൽ നിയുക്ത അധികാരസ്ഥാനം ബന്ധപ്പെട്ട ആക്റ്റിനുകീഴിലുള്ള അപ്പീൽ അധികാര സ്ഥാനത്തിനോടോ അപ്പലേറ്റ് ട്രിബ്യൂണലിനോടോ അല്ലെങ്കിൽ കോടതിയോടോ, അത്തരം കേസുകൾ തീർപ്പാക്കിയതിനെ സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതുവരെ കേസുകൾ മാറ്റിവയ്ക്കുന്നതിന് അപേക്ഷിക്കേണ്ടതാണ്.

(2) സ്കീമിൽ എന്തുതന്നെയടങ്ങിയിരുന്നാലും 1963-ലെ പൊതുവില്പന നികുതി ആക്റ്റിലെ (1963-ലെ 15) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിലെയോ (2)-ാം ഉപവകുപ്പിലെയോ അല്ലെങ്കിൽ 7-ാം വകുപ്പിലെയോ വ്യവസ്ഥകൾ പ്രകാരം ഒരു വ്യാപാരി ഒടുക്കേണ്ട ഏതെങ്കിലും നികുതിയുടെയോ പലിശയുടെയോ പിഴയുടെയോ കുടിശ്ശികകൾക്ക് സ്കീമിലെ വ്യവസ്ഥകൾ ബാധകമല്ലാത്തതാണ്.

9. <u>ഒത്തുതീർപ്പാക്കലിനുള്ള അപേക്ഷ</u>.—(1) 8-ാം വകുപ്പിന്റെ ആവശ്യത്തിലേയ്ക്കുള്ള ഒരു അപേക്ഷ സ്കീമിന്റെ പ്രാബല്യത്തീയതി മുതൽ അറുപത് ദിവസത്തിനകം, നിർണ്ണയിക്കപ്പെട്ട അത്തരം ഫാറത്തിലും അത്തരം രീതിയിലും 11-ാം വകപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള നിരക്കിലുള്ള തുക ഒടുക്കിയതിന്റെ തെളിവ് സഹിതം, നിയുക്ത അധികാരസ്ഥാനത്തിന് നൽകേണ്ടതാണ്.

(2) 11-ാം വകുപ്പ് (4)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ച പ്രകാരം കണക്കാക്കിയ തുക വീണ്ടും കണക്കാക്കി ഒടുക്കുമ്പോൾ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള സമയപരിധി 2024 ഡിസംബർ 31-ാം തീയതിയ്ക്ക് അധികരിക്കാത്തതുവരെ വീണ്ടും നീട്ടി നൽകാവുന്നതാണ്.

(3) നിർദ്ദിഷ്ട ഉത്തരവ് പരിഷ്കരിക്കുന്നതിനുള്ള അപ്പീൽ അധികാരസ്ഥാനത്തിന്റെയോ റിവിഷണൽ അതോറിറ്റിയുടെയോ ഒരു അപ്പലേറ്റ് ട്രിബ്യൂണലിന്റെയോ ഒരു തീരുമാനമോ അല്ലെങ്കിൽ ഉത്തരവോ അല്ലെങ്കിൽ കോടതിയുടെ വിധിയോ അന്തിമതീർപ്പുകൽപ്പിക്കാത്ത സംഗതിയിൽ അത്തരം അപേക്ഷകന് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഏതെങ്കിലും തുക ഒടുക്കാതെ അപേക്ഷ സമർപ്പിക്കാൻ അർഹതയുള്ളതും അത്തരം പരിഷ്കരിച്ച ഉത്തരവ് കൈപ്പറ്റിയ തീയതി മുതൽ അറുപത് ദിവസത്തിനകം അത്തരം കേസുകളിൽ തുക ഒടുക്കേണ്ടതാണ്.

(4) ഓരോ നിർദ്ദിഷ്ട ഉത്തരവിനും പ്രത്യേകം അപേക്ഷ നൽകേണ്ടതാണ്.

10. <u>അപേക്ഷകൻ ഒടുക്കേണ്ട തുക നിർണ്ണയിക്കൽ</u>.—(1) 9-ാം വകുപ്പ് പ്രകാരമുള്ള അപേക്ഷയോടൊപ്പം നൽകിയിട്ടുള്ള വിവരങ്ങളുടെ കൃത്യത നിയുക്ത അധികാരസ്ഥാനം പ്രസക്തമായ എല്ലാ രേഖകളുടെയും അടിസ്ഥാനത്തിൽ പരിശോധിക്കേണ്ടതും 11-ാം വകുപ്പ്, 9-ാം വകുപ്പുമായി കൂട്ടിവായിച്ചപ്രകാരം വിനിർദ്ദേശിച്ചിട്ടുള്ള നിരക്കിലും അത്തരം രീതിയിലും ഒടുക്കേണ്ടതായ തുക നിർണ്ണയിക്കേണ്ടതുമാണ്.

(2) 9-ാം വകുപ്പിന്റെ (1)-ഉം (2)-ഉം (3)-ഉം ഉപവകുപ്പുകളിൽ പരാമർശിച്ചിട്ടുള്ള തുകയിൽ അപേക്ഷകൻ കമ്മിയാക്കിയിട്ടുള്ള തുക നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അത്തരം ഫാറത്തിലും രീതിയിലും, നിയുക്ത അധികാരസ്ഥാനം ആവശ്യപ്പെടേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഫാറം കൈപ്പറ്റി അറുപത് ദിവസത്തിനകം (2)-ാം ഉപവകുപ്പ് പ്രകാരം ആവശ്യപ്പെട്ട തുക അപേക്ഷകൻ ഒടുക്കേണ്ടതും വീഴ്ചവരുത്തുന്ന പക്ഷം

അത്തരത്തിൽ കമ്മിയായി ഒടുക്കിയ തുക, സർക്കാർ വിജ്ഞാപനപ്പെടുത്തിയിട്ടുള്ള അത്തരം രീതിയിൽ, ഒഴിവാക്കപ്പെട്ട തുകയിൽ കുറവ് വരുത്തിക്കൊണ്ട് വീണ്ടും കണക്കാക്കേണ്ടതാണ്.

(4) ഈ വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം നിർണ്ണയിച്ചിട്ടുള്ള തുക, അതിൽ രൂപയുടെ ഒരു ഭാഗം ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ, ഈ ആവശ്യത്തിലേയ്ക്കായി തൊട്ടടുത്ത രൂപയിലേക്ക് പൂർണ്ണക്കമാക്കേണ്ടതും, അത്തരം ഭാഗം അൻപത് പൈസയോ അതിൽ കൂടുതലോ ആണെങ്കിൽ തൊട്ടടുത്ത രൂപയിലേക്ക് പൂർണ്ണക്കമാക്കേണ്ടതും, അത്തരം ഭാഗം അൻപത് പൈസയിൽ താഴെയാണെങ്കിൽ ആയത് ഒഴിവാക്കേണ്ടതുമാണ്.

11. ഒടുക്കേണ്ട തുക നിർണ്ണയിക്കുന്നതിന് ബാധകമായിട്ടുള്ള നിരക്ക്.—അപേക്ഷകൻ ഒടുക്കേണ്ടതായ തുകയും ഒഴിവാക്കപ്പെട്ട തുകയും താഴെപ്പറയും പ്രകാരം നിർണ്ണയിക്കേണ്ടതാണ്:—

(എ) സ്കീമിന്റെ കീഴിൽ തീർപ്പാക്കലിനുവേണ്ടിയുള്ള അപേക്ഷ തീയതിയിൽ നിർദ്ദിഷ്ട ഉത്തരവ് പ്രകാരം നികുതിയുടെയോ സർചാർജ്ജിന്റെയോ കുടിശ്ശികയോ അൻപതിനായിരം രൂപയ്ക്ക് മുകളിലും പത്ത് ലക്ഷം രൂപവരെയും ആണെങ്കിൽ, ഒടുക്കേണ്ട തുക അത്തരം നികുതിയുടെയോ അല്ലെങ്കിൽ സർചാർജ്ജിന്റെയോ കുടിശ്ശികയുടെ മുപ്പത് ശതമാനമായിരിക്കുന്നതും അപേക്ഷകൻ ഒടുക്കേണ്ട തുക ഒടുക്കുമ്പോൾ നിർദ്ദിഷ്ട ഉത്തരവ് പ്രകാരമുള്ള ബാക്കിയുള്ള നികുതിയുടെയും സർചാർജ്ജിന്റെയും പലിശയുടെയും പിഴയുടെയും കുടിശ്ശിക ഒഴിവാക്കപ്പെട്ട തുകയായിരിക്കുന്നതുമാണ്;

(ബി) 9-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള നിർദ്ദിഷ്ട ഉത്തരവിൽ, അപേക്ഷ തീയതിയിൽ, നികുതിയുടെയും സർചാർജ്ജിന്റെയും കുടിശ്ശിക പത്ത് ലക്ഷം രൂപയ്ക്ക് മുകളിലും ഒരു കോടി രൂപവരെയും ആണെങ്കിൽ,—

(i) സമ്മതിച്ചിട്ടുള്ള നികുതി തീർപ്പാക്കുന്നതിനായി അപേക്ഷകൻ ഒടുക്കേണ്ട തുക, നികുതിയുടെയോ സർചാർജ്ജിന്റെയോ കുടിശ്ശികയുടെ അൻപത് ശതമാനമായിരിക്കേണ്ടതും അത്തരം തുക ഒടുക്കുമ്പോൾ ബന്ധപ്പെട്ട ആക്റ്റിൻകീഴിൽ ഒടുക്കേണ്ടതായ നികുതിയുടെയോ സർചാർജ്ജിന്റെയോ പലിശയുടെയോ പിഴയുടെയോ കുടിശ്ശികയുടെ ബാക്കി ഒഴിവാക്കപ്പെട്ട തുക ആയിരിക്കുന്നതാണ്;

(ii) തർക്കത്തിലുള്ള നികുതി തീർപ്പാക്കുന്നതിനായി അപേക്ഷകൻ ഒടുക്കേണ്ട തുക, നികുതിയുടെയോ സർചാർജ്ജിന്റെയോ കുടിശ്ശികയുടെ നാല്പത് ശതമാനമായിരിക്കേണ്ടതും അത്തരം തുക ഒടുക്കുമ്പോൾ ബന്ധപ്പെട്ട ആക്റ്റിൻകീഴിൽ ഒടുക്കേണ്ടതായ നികുതിയുടെയോ സർചാർജ്ജിന്റെയോ പലിശയുടെയോ പിഴയുടെയോ കുടിശ്ശികയുടെ ബാക്കി ഒഴിവാക്കപ്പെട്ട തുക ആയിരിക്കുന്നതാണ്;

(സി) സ്കീമിന്റെ കീഴിലുള്ള അപേക്ഷ തീയതിയിൽ നിർദ്ദിഷ്ട ഉത്തരവ് പ്രകാരം നികുതിയുടെയോ സർചാർജ്ജിന്റെയോ കുടിശ്ശിക ഒരു കോടി രൂപയിൽ കൂടുതലാണെങ്കിൽ,—

(i) സമ്മതിച്ചിട്ടുള്ള നികുതി തീർപ്പാക്കുന്നതിനായി അപേക്ഷകൻ ഒടുക്കേണ്ട തുക, നികുതിയുടെയോ സർചാർജ്ജിന്റെയോ കുടിശ്ശികയുടെ എൺപത് ശതമാനമായിരിക്കേണ്ടതും അത്തരം തുക ഒടുക്കുമ്പോൾ ബന്ധപ്പെട്ട ആക്റ്റിൻകീഴിൽ ഒടുക്കേണ്ടതായ നികുതിയുടെയോ സർചാർജ്ജിന്റെയോ പലിശയുടെയോ പിഴയുടെയോ കുടിശ്ശികയുടെ ബാക്കി ഒഴിവാക്കപ്പെട്ട തുക ആയിരിക്കുന്നതുമാണ്;

(ii) തർക്കത്തിലുള്ള നികുതി തീർപ്പാക്കുന്നതിനായി അപേക്ഷകൻ ഒടുക്കേണ്ട തുക, നികുതിയുടെയോ സർചാർജ്ജിന്റെ കുടിശ്ശികയുടെ എഴുപത് ശതമാനമായിരിക്കേണ്ടതും അത്തരം തുക ഒടുക്കുമ്പോൾ ബന്ധപ്പെട്ട ആക്റ്റിൻകീഴിൽ ഒടുക്കേണ്ടതായ നികുതിയുടെയോ സർചാർജ്ജിന്റെ പലിശയുടെയോ പിഴയുടെയോ കുടിശ്ശികയുടെ ബാക്കി ഒഴിവാക്കപ്പെട്ട തുക ആയിരിക്കുന്നതുമാണ്:

എന്നാൽ, ബന്ധപ്പെട്ട ആക്റ്റിൻകീഴിൽ ചുമത്തിയിട്ടുള്ള പിഴയെ സംബന്ധിച്ചുള്ള തെളിവുകളും വിശദാംശങ്ങളും രേഖകളും ഉപയോഗപ്പെടുത്തിയിട്ടില്ലാത്ത അല്ലെങ്കിൽ മികച്ച വിധിനിർണ്ണയ തിട്ടപ്പെടുത്തലിനായി ഉപയോഗപ്പെടുത്തുവാൻ സാധ്യമല്ലാത്ത സംഗതിയിൽ അത്തരം പിഴയുമായി ബന്ധപ്പെട്ട നികുതിയുടെയോ സർചാർജ്ജിന്റെയോ ഡിമാൻഡ് കുടിശ്ശികയായി കരുതപ്പെടേണ്ടതും, ആയതിന് അനുസൃതമായി ഒടുക്കേണ്ട തുക കണക്കാക്കേണ്ടതുമാണ്.

(2) സ്കീമിൽ എന്തുതന്നെയടങ്ങിയിരുന്നാലും നിർദ്ദിഷ്ട ഉത്തരവിലെ ഡിമാൻഡിലേക്ക് അപേക്ഷകൻ ഏതെങ്കിലും തുക ഒടുക്കുകയോ നിക്ഷേപിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, അല്ലെങ്കിൽ നിർദ്ദിഷ്ട ഉത്തരവിലെ ഡിമാൻഡിലേക്ക് ഏതെങ്കിലും തുക അല്ലെങ്കിൽ അതിനുതുല്യമായത് നികുതി കുടിശ്ശികയുടെ ഭാഗമായി വസൂലാക്കിയിട്ടുണ്ടെങ്കിൽ, സർക്കാരിന് ലഭിച്ചിട്ടുള്ളതായ അത്തരം തുക ഒടുക്കേണ്ടതായ തുകയിൽ നിന്നും കുറവുചെയ്യേണ്ടതും, ഇത്തരത്തിൽ തുക ഒടുക്കിയതിന്റെ തെളിവ് അപേക്ഷകൻ അപേക്ഷയോടൊപ്പം നൽകേണ്ടതുമാണ്:

എന്നാൽ, പിഴയിലേക്കോ പലിശയിലേക്കോ അടച്ചിട്ടുള്ള ഏതെങ്കിലും തുക ഒടുക്കേണ്ട തുകയിലേക്ക് വരവ് വയ്ക്കേണ്ടതാണ്.

(3) ബന്ധപ്പെട്ട ആക്റ്റിൽ എന്തുതന്നെയടങ്ങിയിരുന്നാലും സ്കീമിന്റെ കീഴിൽ ഒടുക്കേണ്ടതായ സമയത്ത് ഒടുക്കേണ്ട തുകയിൽ ആർജ്ജിച്ചിട്ടുള്ള പലിശയും കൂടി ഒഴിവാക്കപ്പെടുന്നതാണ്.

(4) 9-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം സ്കീമിന്റെ കീഴിൽ അപേക്ഷിക്കുന്നതിനായി അപേക്ഷകൻ ഒടുക്കേണ്ട തുക സർക്കാർ വിജ്ഞാപനം ചെയ്യുന്ന അത്തരം രീതിയിൽ കണക്കാക്കേണ്ടതാണ്.

12. ചില തുകകൾ മുഴുവനായി ഒഴിവാക്കൽ.— ബന്ധപ്പെട്ട ആക്റ്റിലോ സ്കീമിലോ എന്തുതന്നെയടങ്ങിയിരുന്നാലും, സ്കീമിന്റെ പ്രാബല്യത്തീയതിയിൽ, നിർദ്ദിഷ്ട ഉത്തരവിൽ നികുതിയുടെയോ സർചാർജ്ജിന്റെയോ കുടിശ്ശിക അൻപതിനായിരം രൂപയോ അതിൽ കുറവോ ആണെങ്കിൽ നിർദ്ദിഷ്ട ഉത്തരവിൻ കീഴിലുള്ള നികുതിയുടെയോ സർചാർജ്ജിന്റെയോ പലിശയുടെയോ പിഴയുടെയോ കുടിശ്ശികയുടെ മുഴുവൻ തുകയും ഒഴിവാക്കപ്പെട്ട തുകയായിരിക്കുന്നതാണ്:

എന്നാൽ ബന്ധപ്പെട്ട ആക്റ്റിൻ കീഴിൽ ചുമത്തിയിട്ടുള്ള പിഴയെ സംബന്ധിച്ച തെളിവുകളും വിശദാംശങ്ങളും രേഖകളും ഉപയോഗപ്പെടുത്തിയിട്ടില്ലാത്ത അല്ലെങ്കിൽ മികച്ച വിധിനിർണ്ണയ തിട്ടപ്പെടുത്തലിനായി ഉപയോഗപ്പെടുത്തുവാൻ സാധ്യമല്ലാത്തതും അത്തരം പിഴയുമായി ബന്ധപ്പെട്ട നികുതി അല്ലെങ്കിൽ സർചാർജ്ജ് അൻപതിനായിരം രൂപയോ അതിൽ കുറവോ ആണെങ്കിൽ അത്തരം നികുതി അല്ലെങ്കിൽ സർചാർജ്ജ് ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി നികുതി അല്ലെങ്കിൽ സർചാർജ്ജ് കുടിശ്ശികയായി കരുതപ്പെടേണ്ടതാണ്.

13. നിയന്ത്രണങ്ങൾ.—(1) ബന്ധപ്പെട്ട ആക്റ്റിൽ എന്തുതന്നെയടങ്ങിയിരുന്നാലും, സ്കീമിന്റെ കീഴിൽ ഒടുക്കേണ്ട നികുതിയുടെയോ സർചാർജ്ജിന്റെയോ പലിശയുടെയോ യാതൊരു കുടിശ്ശികയും യാതൊരു സാഹചര്യത്തിലും,—

(എ) ഏതെങ്കിലും നിയമപ്രകാരം ലഭ്യമായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് മുഖേന അടയ്ക്കുവാനോ;

(ബി) ഏതെങ്കിലും അധികതുകയിലേയ്ക്ക് ക്രമീകരിക്കുവാനോ; അല്ലെങ്കിൽ

(സി) തിരികെ നൽകുവാനോ

പാടില്ലാത്തതാണ്.

ദൃഷ്ടാന്തം: ഒരു വ്യാപാരിക്ക് ഒരു വർഷത്തേക്ക് രണ്ട് ലക്ഷം രൂപയുടെ എക്സ് നികുതി കുടിശ്ശിക ഉള്ളതും, മറ്റൊരു വർഷത്തേക്ക് ഒരു ലക്ഷം രൂപയുടെ വൈ നികുതി കുടിശ്ശിക ഉള്ളതുമാണ്. അയാൾ കുടിശ്ശിക എക്സ്-ലേക്ക് 1.5 ലക്ഷം രൂപ ഇതിനകം ഒടുക്കിയിട്ടുള്ളതും എന്നാൽ കുടിശ്ശിക വൈ-ലേക്ക് യാതൊരു തുകയും ഒടുക്കിയിട്ടില്ലാത്തതുമാണ്. സ്കീമിന്റെ കീഴിൽ കുടിശ്ശിക എക്സ് തീർപ്പാക്കുന്നതിന് ഒടുക്കേണ്ടതായ തുക അറുപതിനായിരം രൂപയാണ്. സ്കീമിന്റെ കീഴിൽ തീർപ്പാക്കലിനായി വ്യാപാരി അപേക്ഷിക്കുന്നപക്ഷം കുടിശ്ശിക എക്സ് തീർപ്പാക്കാവുന്നതും എന്നാൽ വ്യാപാരി അറുപതിനായിരം രൂപയിൽ കൂടുതലായി ഇതിനകം ഒടുക്കിയിട്ടുള്ള തുക, അതായത് തൊണ്ണൂറായിരം രൂപ, കുടിശ്ശിക വൈ തീർപ്പാക്കുന്നതിലേക്കായി പരിഗണിക്കപ്പെടാൻ അർഹമല്ലാത്തതുമാണ്.

14. കുടിശ്ശിക തീർപ്പാക്കലും സർട്ടിഫിക്കറ്റ് വിതരണവും.—(1) 10-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നിശ്ചയിച്ചിട്ടുള്ള തുക ഒടുക്കിയതായി നിയുക്ത അധികാരസ്ഥാനത്തിന് ബോധ്യപ്പെടുന്ന പക്ഷം നികുതിയുടെയും സർചാർജ്ജിന്റയും പലിശയുടെയും പിഴയുടെയും

കുടിശ്ശിക ഉത്തരവിനാൽ തീർപ്പാക്കേണ്ടതും നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ഫാറത്തിലും രീതിയിലും തീർപ്പാക്കൽ സർട്ടിഫിക്കറ്റ് നൽകേണ്ടതും അതിനുശേഷം അപേക്ഷകനെ അപ്രകാരമുള്ള അയാളുടെ നികുതിയുടെയും സർചാർജ്ജിന്റെയും പലിശയുടെയും പിഴയുടെയും കുടിശ്ശിക ഒടുക്കുവാനുള്ള ബാധ്യതകളിൽ നിന്നും വിടുതൽ ചെയ്യേണ്ടതുമാണ്. ഓരോ അപേക്ഷയെ സംബന്ധിച്ചും പ്രത്യേക ഉത്തരവും തീർപ്പാക്കൽ സർട്ടിഫിക്കറ്റും പുറപ്പെടുവിക്കേണ്ടതാണ്:

എന്നാൽ തീർപ്പാക്കൽ സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുള്ള സംഗതികളിൽ സർക്കാർ ഫയൽ ചെയ്തിട്ടുള്ള അപ്പീൽ ഏതെങ്കിലും അധികാരസ്ഥാനം മുമ്പാകെയോ ട്രിബ്യൂണലിലോ കോടതിയിലോ തീർപ്പാക്കാതെയുള്ളപക്ഷം സർക്കാർ ആയത് ഉടനടി പിൻവലിക്കേണ്ടതാണ്.

(2) നിയുക്ത അധികാരസ്ഥാനത്തിന് (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ഒരു ഉത്തരവ് അത് പുറപ്പെടുവിച്ച തീയതി മുതൽ 90 ദിവസത്തിനുള്ളിൽ ഏതുസമയത്തും ആയതിൽ പ്രത്യക്ഷത്തിൽ കാണുന്ന ഏതെങ്കിലും തെറ്റുകൾ തിരുത്തിക്കൊണ്ട് ഭേദഗതി വരുത്താവുന്നതാണ്:

എന്നാൽ അങ്ങനെയുള്ള തെറ്റുതിരുത്തൽ ഏതെങ്കിലും ഒരു അപേക്ഷകനെ ദോഷകരമായി ബാധിക്കുകയാണെങ്കിൽ അത്തരം തിരുത്തലുകൾക്കെതിരെ അപേക്ഷകന് കാരണം കാണിക്കുന്നതിനുള്ള അവസരം നൽകാതെ അത്തരം യാതൊരു തിരുത്തലുകളും വരുത്തുവാൻ പാടില്ലാത്തതാണ്.

(3) ഈ സംഗതികളിൽ,—

(എ) നികുതിയുടെയോ സർചാർജ്ജിന്റെയോ കുടിശ്ശികകൾ അൻപതിനായിരം രൂപയോ കുറവാണെങ്കിലോ; അല്ലെങ്കിൽ

(ബി) നിർദ്ദിഷ്ട ഉത്തരവ് പ്രകാരമുള്ള ഡിമാൻഡിലേക്ക് അപേക്ഷകൻ ഒടുക്കിയതോ നിക്ഷേപിച്ചതോ ആയതും സർക്കാർ സ്വീകരിച്ചതും ആയ തുക സ്കീമിന്റെ കീഴിലുള്ള ഒരു നിർദ്ദിഷ്ട ഉത്തരവുമായി ബന്ധപ്പെട്ട് ഒടുക്കേണ്ട തുകയേക്കാൾ കുറവാണെങ്കിലോ അല്ലെങ്കിൽ നിർദ്ദിഷ്ട ഉത്തരവിലെ ഡിമാൻഡിലേക്ക് കുടിശ്ശിക വസൂലാക്കുന്നതിന്റെ ഭാഗമായി ഈടാക്കിയ തുക അതിനു തുല്യമാണെങ്കിലോ 9-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടില്ലെങ്കിലും നിയുക്ത അധികാരസ്ഥാനം (1)-ാം ഉപവകുപ്പിൻ കീഴിൽ ഒരു തീർപ്പാക്കൽ സർട്ടിഫിക്കറ്റ് സ്വമേധയാ നൽകേണ്ടതാണ്.

(4) സ്കീമിന്റെ കീഴിൽ ഒടുക്കേണ്ടതായ തുക ഒടുക്കാത്ത കാരണത്താലോ ഒടുക്കിയ തുക കമ്മിയായതുകാരണമോ സർട്ടിഫിക്കറ്റ് നൽകാത്ത സംഗതികളിൽ അപേക്ഷകൻ സ്കീമിന്റെ ഭാഗമായി ഒടുക്കിയ തുക ബന്ധപ്പെട്ട ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം നിർദ്ദിഷ്ട ഉത്തരവിലെ കുടിശ്ശികകളിലേക്ക് വരവ് വച്ചതായി കണക്കാക്കേണ്ടതാണ്.

15. കുടിശ്ശിക തീർപ്പുകൽപ്പിക്കുന്നതിന് നിരസിക്കൽ.— നിയുക്ത അധികാര സ്ഥാനത്തിന്, സ്കീമിന്റെ കീഴിൽ നൽകേണ്ടതായ തുകയിൽ കമ്മിയായ തുക നൽകി എന്നതൊഴികെയുള്ള കാരണങ്ങളാൽ 9-ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്ന അപേക്ഷ ലഭിച്ചശേഷം നികുതിയുടെയോ സർചാർജ്ജിന്റെയോ പലിശയുടെയോ പിഴയുടെയോ കുടിശ്ശിക തീർപ്പാക്കുന്നത് നിരസിക്കാവുന്നതാണ്:

എന്നാൽ ഈ വകുപ്പിൻ കീഴിലുള്ള യാതൊരു ഉത്തരവും അപേക്ഷകന് അപ്രകാരമുള്ള നിരസിക്കലിനെതിരെ കാരണം കാണിക്കാൻ അവസരം നൽകാതെ പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

16. അപ്പീൽ.—10-ാം വകുപ്പിന്റെയോ 14-ാം വകുപ്പ് (2)-ാം ഉപവകുപ്പിന്റെയോ അല്ലെങ്കിൽ 15-ാം വകുപ്പിന്റെയോ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ഒരു ഉത്തരവിന്മേൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും കമ്മീഷണർ ഇതിലേക്കായി വിജ്ഞാപനം വഴി വിനിർദ്ദേശിക്കുന്ന സംസ്ഥാന നികുതി വകുപ്പിലെ ജോയിന്റ് കമ്മീഷണർ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥൻ മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്. പ്രസ്തുത ഉദ്യോഗസ്ഥന്,—

(i) നിയുക്ത അധികാരസ്ഥാനത്തിന്റെ ഉത്തരവ് ശരിവച്ചുകൊണ്ടോ;

(ii) അപേക്ഷകന്റെ അപ്പീൽ അനുവദിച്ചുകൊണ്ടോ;

(iii) നിയുക്ത അധികാരസ്ഥാനത്തിന്റെ ഉത്തരവിൽ ഭേദഗതി വരുത്തിക്കൊണ്ടോ;

(iv) നിയുക്ത അധികാരസ്ഥാനത്തിന്റെ ഉത്തരവ് അസ്ഥിരപ്പെടുത്തിക്കൊണ്ട് തുടർ അന്വേഷണം നടത്തിയശേഷം പുതിയ തീർപ്പാക്കൽ ഉത്തരവ് പുറപ്പെടുവിക്കുവാൻ നിയുക്ത അധികാരസ്ഥാനത്തിന് നിർദ്ദേശം നൽകിക്കൊണ്ടോ

അപ്പീൽ തീർപ്പുകൽപ്പിക്കാവുന്നതാണ്:

എന്നാൽ ഈ വകുപ്പിൻകീഴിൽ അപേക്ഷകന്റെ അപ്പീൽ അനുവദിക്കുന്ന സംഗതിയിലോ നിയുക്ത അധികാരസ്ഥാനത്തിന്റെ ഉത്തരവ് അപ്പീൽ അധികാരി ഭേദഗതി വരുത്തുമ്പോഴോ ഒടുക്കേണ്ട തുക ഒടുക്കുന്നതിനുവിധേയമായി നിയുക്ത അധികാരസ്ഥാനം തീർപ്പാക്കൽ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

എന്നുമാത്രമല്ല അപ്പീലധികാരിയുടെ അപ്രകാരമുള്ള ഉത്തരവിനെ തുടർന്ന് പണം അടക്കുന്നതിനുള്ള സമയപരിധിയെന്നത് 10-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം ബാധകമാകുന്ന സമയപരിധി ആയിരിക്കുന്നതും, അതുസംഗതിപോലെ, അപ്പീൽ ഉത്തരവോ ഭേദഗതി വരുത്തിയ ഉത്തരവോ 10-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിലുള്ള ഒരു ഉത്തരവ് പോലെ ആയിരിക്കുന്നതാണ്.

17. റിവിഷൻ.—(1) സംസ്ഥാന നികുതി കമ്മീഷണർക്ക് സ്വമേധയായോ അല്ലെങ്കിൽ അദ്ദേഹത്തിന് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലോ ലിഖിതമായി രേഖപ്പെടുത്തപ്പെട്ട കാരണങ്ങളാലോ ഉത്തരവ് തീയതി മുതൽ രണ്ടു വർഷത്തിനുള്ളിൽ ഏതു സമയത്തും 14-ാം വകുപ്പു പ്രകാരമോ

16-ാം വകുപ്പുപ്രകാരമോ പാസ്സാക്കിയ ഉത്തരവുകൾ വിളിച്ചുവരുത്തി പരിശോധിക്കാവുന്നതും അത്തരത്തിൽ ഏതെങ്കിലും ഉത്തരവുകളിൽ എടുത്ത തീരുമാനങ്ങളുടെ കൃത്യതയും നിയമസാധുതയും ഔചിത്യവും സ്വയം ബോധ്യപ്പെടാവുന്നതും ഏതെങ്കിലും ഉത്തരവോ തീരുമാനമോ ഭേദഗതി വരുത്തണമെന്നോ, അസാധുവാക്കണമെന്നോ, വിപരീതമാക്കണമെന്നോ പുനഃപരിശോധനയ്ക്ക് തിരിച്ചയയ്ക്കണമെന്നോ കമ്മീഷണർക്ക് തോന്നുന്നപക്ഷം അദ്ദേഹത്തിന് അപ്രകാരം ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്.

(2)(1)-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും വ്യക്തിക്ക് എതിരായി ഒരു ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ അയാൾക്ക് തന്റെ ഭാഗം ബോധിപ്പിക്കുവാൻ ഒരവസരം നൽകാതെ ആയത് പുറപ്പെടുവിക്കുവാൻ പാടില്ലാത്തതാണ്.

18.<u>നികുതി വസൂലാക്കൽ നടപടിക്രമങ്ങൾക്കുള്ള വിലക്ക്.</u>—1968-ലെ കേരള നികുതി വസൂലാക്കൽ ആക്റ്റിൽ (1968-ലെ 15)-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും സ്കീമിന്റെ 11-ഉം 12-ഉം വകുപ്പുകൾ പ്രകാരം കുടിശ്ശികകൾ ഒഴിവാക്കപ്പെടുന്ന സംഗതികളിൽ നികുതി വസൂലാക്കൽ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുള്ള കേസുകൾക്ക് ബാധകമാകുന്നതും നിയുക്ത അധികാരസ്ഥാനങ്ങൾക്ക് നൽകേണ്ടതായ തുകകൾ അപ്രകാരമുള്ള തുകകൾ വസൂലാക്കുന്നത് അധികാരമുള്ള നിയുക്ത അധികാരസ്ഥാനം 14-ാം വകുപ്പുപ്രകാരം ഒരു സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള സംഗതികളിലോ 12-ാം വകുപ്പ് പ്രകാരം നികുതിയുടെയോ സർചാർജ്ജിന്റെയോ പലിശയുടെയോ പിഴയുടെയോ കുടിശ്ശിക ഒഴിവാക്കപ്പെട്ടിട്ടുള്ള കേസുകളിലോ നിയുക്ത അധികാരസ്ഥാനം പ്രസ്തുത അപേക്ഷകനെതിരെയുള്ള നികുതി വസൂലാക്കൽ നടപടിക്രമങ്ങൾകൂടി പിൻവലിക്കേണ്ടതും അത് റവന്യൂ അധികാരികൾക്കു ബാധകമാകുന്നതും അത്തരം കുടിശ്ശികകൾക്ക് യാതൊരുവിധ കളക്ഷൻ ചാർജ്ജുകൾ ചുമത്തുവാൻ പാടില്ലാത്തതുമാണ്.

19. <u>തീർപ്പുകൽപ്പിച്ചിട്ടുള്ള കേസുകൾ പുനഃപരിശോധിക്കുന്നതിനുള്ള വിലക്ക്</u>.—14-ാം വകുപ്പിനുകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ഒരു തീർപ്പാക്കൽ സർട്ടിഫിക്കറ്റ് അതുമായി ബന്ധപ്പെട്ട കുടിശ്ശിക തീർപ്പാക്കൽ സംബന്ധിച്ച് ആധികാരികമായിരിക്കുന്നതും പ്രസ്തുത സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള ഒരു വിഷയവും ബന്ധപ്പെട്ട ആക്റ്റിൻ കീഴിലുള്ള ഏതെങ്കിലും അപ്പീലിലോ റിവിഷനിലോ റിവ്യൂവിലോ അല്ലെങ്കിൽ മറ്റേതെങ്കിലും നടപടിക്രമങ്ങളാലോ പുനഃപരിശോധിക്കാൻ പാടുള്ളതല്ലാത്തതുമാണ്.

20. <u>സർട്ടിഫിക്കറ്റ് റദ്ദാക്കൽ.</u>—(1) 19-ാം വകുപ്പിൽ എന്തുതന്നെയടങ്ങിയിരുന്നാലും അപേക്ഷകൻ 14-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സർട്ടിഫിക്കറ്റ് നേടിയത് ഏതെങ്കിലും പ്രത്യേക വസ്തുതകളോ വിവരണങ്ങളോ മറച്ചുവച്ചുകൊണ്ടോ അല്ലെങ്കിൽ തെറ്റായ വിവരങ്ങളോ വസ്തുതകളോ സമർപ്പിച്ചുകൊണ്ടോ ആണെന്ന് ബോധ്യമാകുന്ന പക്ഷം നിയുക്ത അധികാര സ്ഥാനത്തിന് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ച് രണ്ടു വർഷത്തിനുള്ളിലും രേഖപ്പെടുത്തപ്പെടാവുന്ന കാരണങ്ങളാലും അപേക്ഷകന് കാരണം ബോധിപ്പിക്കുവാനുള്ള ന്യായമായ അവസരം നൽകിക്കൊണ്ടും സർട്ടിഫിക്കറ്റ് റദ്ദാക്കാവുന്നതാണ്.

(2)(1)-ാം ഉപവകുപ്പ് പ്രകാരം സർട്ടിഫിക്കറ്റ് റദ്ദാക്കുന്ന സംഗതിയിൽ 9-ാം വകുപ്പിൻ കീഴിലുള്ള അപേക്ഷയോടൊപ്പം അപേക്ഷകൻ ഒടുക്കിയ തുക ബന്ധപ്പെട്ട ആക്റ്റിൻ കീഴിൽ ബന്ധപ്പെട്ട തിട്ടപ്പെടുത്തൽ വർഷത്തെ കുടിശ്ശികയിലേക്ക് ഒടുക്കിയതായി കണക്കാക്കേണ്ടതാണ്.

21. ബന്ധപ്പെട്ട ആക്റ്റുകൾക്കു കീഴിലുള്ള അധികാരസ്ഥാനത്തിനു നൽകേണ്ട വിവരങ്ങൾ.—നിയുക്ത അധികാരസ്ഥാനം.—

(എ) 9-ാം വകുപ്പിനുകീഴിൽ അപേക്ഷകൻ അപേക്ഷ നൽകിയിട്ടുണ്ടെന്ന വസ്തുത;

(ബി) 14-ാം വകുപ്പിനു കീഴിൽ നിയുക്ത അധികാരസ്ഥാനം ഏതെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വസ്തുത;

(സി) 14-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻ കീഴിലുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റിൽ പ്രത്യക്ഷത്തിലുള്ള ഏതെങ്കിലും തെറ്റുകളുടെ തിരുത്തൽ സംബന്ധിച്ച വസ്തുത;

(ഡി) 20-ാം വകുപ്പിനുകീഴിൽ ഏതെങ്കിലും സർട്ടിഫിക്കറ്റുകളുടെ റദ്ദാക്കൽ സംബന്ധിച്ച വസ്തുത;

(ഇ) നിർണ്ണയിക്കപ്പെട്ട ഫാറത്തിലും, അപ്രകാരമുള്ള രീതിയിലും, അപ്രകാരമുള്ള സമയത്തിനുള്ളിലും നൽകേണ്ടതാണെന്ന് ആവശ്യമായി കരുതപ്പെടുന്ന മറ്റേതെങ്കിലും വസ്തുതകൾ

ബന്ധപ്പെട്ട ആക്റ്റിൻ കീഴിലുള്ള അപേക്ഷകന്റെമേൽ അധികാരപരിധിയിൽ വരുന്ന നിലവിൽ ബന്ധപ്പെട്ട ആക്റ്റിൻ കീഴിലുള്ള തിട്ടപ്പെടുത്തൽ അധികാരി, അപ്പീൽ അധികാരി, റിവിഷണൽ അധികാരി അല്ലെങ്കിൽ ട്രിബ്യൂണൽ മുമ്പാകയോ അല്ലെങ്കിൽ കോടതി മുമ്പാകെയോ, അതതു സംഗതിപോലെ, അറിയിച്ചിരിക്കേണ്ടതാണ്.

22. സംസ്ഥാന നികുതി കമ്മീഷണറുടെ അധികാരങ്ങൾ.—സ്കീമിലെ വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാന നികുതി കമ്മീഷണർക്ക് സ്കീമിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിലേയ്ക്കായി അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന നിർദ്ദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കാലാകാലങ്ങളിൽ പുറപ്പെടുവിക്കാവുന്നതാണ്.

23. നിയുക്ത അധികാരസ്ഥാനം മുമ്പാകെ സമർപ്പിച്ചിട്ടുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുന്നതിനുള്ള നിരോധനം.—(1) അപേക്ഷയിലോ സ്കീമിന്റെ കീഴിൽ നൽകിയ പ്രസ്താവനയോ ഹാജരാക്കിയിട്ടുള്ള റിക്കോർഡുകളോ രേഖകളോ സ്കീമിന്റെ കീഴിലുള്ള ഏതെങ്കിലും നടപടിയ്ക്ക് ഇടയിൽ നൽകിയിട്ടുള്ള ഏതെങ്കിലും തെളിവോ തയ്യാറാക്കിയിട്ടുള്ള സത്യവാങ്മൂലമോ മൊഴിയോ സ്കീമിന്റെ ആവശ്യത്തിലേയ്ക്കായുള്ള ഏതെങ്കിലും നടപടിയിലോ അടങ്ങിയിട്ടുള്ള എല്ലാ വിശദാംശങ്ങളും രഹസ്യമായി കരുതപ്പെടേണ്ടതും വെളിപ്പെടുത്താൻ പാടില്ലാത്തതുമാണ്.

(2) (1)-ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും,—

(എ) 1860-ലെ ഇന്ത്യൻ ശിക്ഷാനിയമത്തിലെയോ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെയോ സ്കീമിനു കീഴിലുള്ള ഏതെങ്കിലും കുറ്റത്തിന്റെ അന്വേഷണത്തിലോ പ്രോസിക്യൂഷന്റെയോ ആവശ്യത്തിലേയ്ക്കായോ; അല്ലെങ്കിൽ

(ബി) സ്കീമിന്റെ വ്യവസ്ഥകൾ നടപ്പിൽവരുത്തുന്ന ഏതെങ്കിലും ആൾക്ക് സ്കീമിന്റെ ആവശ്യത്തിലേക്കായി വെളിപ്പെടുത്തൽ ആവശ്യമായി വരുമ്പോൾ അയാൾക്ക് നൽകിയ; അല്ലെങ്കിൽ

(സി) സ്കീമിന് കീഴിൽ ആവശ്യപ്പെട്ട ഏതെങ്കിലും തുക വസൂലാക്കുന്നതിനുള്ള നടപടികൾക്കായി നിയമപരമായി ചുമതലപ്പെടുത്തുമ്പോൾ; അല്ലെങ്കിൽ

(ഡി) സർക്കാർ കക്ഷിയായ ഏതെങ്കിലും വ്യവഹാരത്തിൽ ഒരു സിവിൽ കോടതിക്ക് സ്കീമിന്റെ കീഴിലുള്ള ഏതെങ്കിലും നടപടികളിൽ നിന്നും ഉണ്ടാകുന്ന ഏതെങ്കിലും കാര്യം സംബന്ധിച്ചോ; അല്ലെങ്കിൽ

(ഇ) 1959-ലെ കേരള മുദ്രപത്ര ആക്റ്റിൻ (1959-ലെ 17) കീഴിലുള്ള നിയമപരമായ തന്റെ അധികാരം വിനിയോഗിച്ച് അപര്യാപ്തമായി മുദ്ര പതിപ്പിച്ചിട്ടുള്ള രേഖകൾ ഒരു പബ്ലിക് സെർവന്റ് ഇമ്പൗണ്ട് ചെയ്യുമ്പോഴോ; അല്ലെങ്കിൽ

(എഫ്) (i) ഭാരതസർക്കാരിന്റെയോ; അല്ലെങ്കിൽ

(ii) ഏതെങ്കിലും സംസ്ഥാനം അല്ലെങ്കിൽ കേന്ദ്രഭരണ പ്രദേശത്തിന്റെ സർക്കാരുകൾ പരസ്പരാടിസ്ഥാനത്തിൽ ക്രമീകരണങ്ങൾ വെളിപ്പെടുത്തുന്നതിനോ ഏർപ്പെടുത്തിയിട്ടുള്ള ഒരു ഉദ്യോഗസ്ഥനോ; അല്ലെങ്കിൽ

(ജി) സംസ്ഥാന നികുതി കമ്മീഷണറുടെ അനുമതി നേടിയശേഷം, കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഒഴികെയുള്ള ഏതെങ്കിലും സർക്കാർ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനോ

അത്തരം ഏതെങ്കിലും വിശദാംശങ്ങളുടെ വെളിപ്പെടുത്തലിന് ബാധകമാകുന്നതല്ല:

എന്നാൽ ഈ ഖണ്ഡത്തിൻ കീഴിൽ അത്തരം വിശദാംശങ്ങൾ അസാധാരണമായ സംഗതികളിൽ മാത്രം നൽകേണ്ടതും അത്തരം വിശദാംശങ്ങൾ ലഭിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥർ അത് രഹസ്യമായി സൂക്ഷിക്കേണ്ടതും ഏതെങ്കിലും നിയമത്തിൻ കീഴിലായോ അല്ലെങ്കിൽ നൽകപ്പെട്ടിട്ടുള്ള അധികാരം നിയമപരമായി വിനിയോഗിക്കുന്നതിനോ മാത്രം ഉപയോഗിക്കേണ്ടതുമാണ്.

(3) ഇതിൽ അടങ്ങിയിരിക്കുന്ന യാതൊന്നും, തീർപ്പാക്കൽ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തീർപ്പാക്കൽ നിരസിച്ച ഉത്തരവ് നിർണ്ണയിക്കപ്പെട്ട പ്രകാരം, പ്രസിദ്ധീകരിക്കുന്നതിനെ തടയുന്നതല്ല.

24. ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്കുള്ള സംരക്ഷണം.—(1)സ്കീം പ്രകാരമുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി ഉത്തമവിശ്വാസത്തിൽ ചെയ്തതായോ ചെയ്യുവാൻ ഉദ്ദേശിച്ചതോ ആയ ഏതൊരു കാര്യവും സംബന്ധിച്ച് സർക്കാരിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ ജീവനക്കാരനോ എതിരെ സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമനടപടികളോ നിലനിൽക്കുന്നതല്ല.

(2) സ്കീം പ്രകാരമോ അതിൻകീഴിലോ ഉള്ള ചുമതലകൾ നിർവ്വഹിക്കുന്നതിലോ കടമ നിറവേറ്റുന്നതിലോ ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്കെതിരെ സർക്കാരിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥർക്കോ ജീവനക്കാർക്കോ എതിരെ ഏതെങ്കിലും സിവിലോ ക്രിമിനലോ ആയ ഒരു നടപടിയും നിലനിൽക്കുന്നതല്ല.

25. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—സ്കീമിലെ ഏതെങ്കിലും വ്യവസ്ഥകൾക്കു പ്രാബല്യം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം സംസ്ഥാന നികുതി കമ്മീഷണർക്ക്, സ്കീമിലെ വ്യവസ്ഥകൾക്ക് ഭംഗം വരാത്ത വിധത്തിൽ ഉത്തരവ് വഴി, അത്തരം വൈഷമ്യങ്ങൾ നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ സ്കീം പ്രാബല്യത്തിൽ വന്ന് രണ്ടു വർഷത്തിനു ശേഷം അപ്രകാരമുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

26. ചട്ടങ്ങളുണ്ടാക്കുവാനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മുൻകാല പ്രാബല്യത്തോടോ പിൽക്കാല പ്രാബല്യത്തോടെയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിലുണ്ടാക്കിയ ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാലു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## 1985-ലെ കേരള താൽക്കാലിക റവന്യൂ പിരിച്ചെടുക്കൽ ആക്റ്റ് (1985-ലെ 10) പ്രകാരമുള്ള പ്രഖ്യാപനം

1985-ലെ കേരള താൽക്കാലിക റവന്യൂ പിരിച്ചെടുക്കൽ ആക്റ്റ് (1985-ലെ 10) പ്രകാരം, ബില്ലിലെ II-ാം അദ്ധ്യായത്തിന് 2024 ഏപ്രിൽ 1-ാം തീയതിയിലും അന്നുമുതൽക്കും പ്രാബല്യം ഉണ്ടായിരിക്കേണ്ടത് പൊതുതാൽപര്യാർത്ഥം യുക്തമാണെന്ന് ഇതിനാൽ പ്രഖ്യാപിച്ചുകൊള്ളുന്നു. ബില്ലിലെ III-ാം അദ്ധ്യായത്തിന് സംസ്ഥാന നികുതി കമ്മീഷണർ ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന അത്തരം തീയതി പ്രാബല്യ മുണ്ടായിരിക്കുന്നതുമാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2024-2025-ലെ ബജറ്റ് പ്രസംഗത്തിലെ ഭാഗം IV-ൽ പ്രഖ്യാപിച്ചിട്ടുള്ള, 2024-2025 സാമ്പത്തികവർഷത്തേയ്ക്കുള്ള കേരള സർക്കാരിന്റെ ധനകാര്യനിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടി താഴെപ്പറയുന്ന ആക്റ്റുകൾ ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ, അതായത് :—

1. 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റ് (1959-ലെ 17);
2. 1959-ലെ കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റ് (1960-ലെ 10);
3. 1963-ലെ കേരള വിദ്യുച്ഛക്തി നികുതി ആക്റ്റ് (1963-ലെ 23);
4. 1976-ലെ കേരള മോട്ടോർ വാഹന നികുതി ആക്റ്റ് (1976-ലെ 19).

ഇതിനുപുറമേ, 2017 ജൂലൈ 1-ാം തീയതി മുതൽ ചരക്കുകൾക്കും സേവനങ്ങൾക്കുംമേലുള്ള നികുതി ചുമത്തൽ സമ്പ്രദായം കേരളമുൾപ്പെടെ രാജ്യത്താകമാനം ഏകീകൃത രീതിയിൽ നടപ്പിൽവരുത്തി. 1957-ലെ കേരള നികുതികളിന്മേലുള്ള സർചാർജ്ജ് ആക്റ്റ് (1957-ലെ 11), 1963-ലെ കേരള പൊതുവില്പന നികുതി ആക്റ്റ് (1963-ലെ 15), റദ്ദാക്കപ്പെട്ട 1976-ലെ കേരള ആഡംബര നികുതി ആക്റ്റ് (1976-ലെ 32), റദ്ദാക്കപ്പെട്ട 1991-ലെ കേരള കാർഷികാദായ നികുതി ആക്റ്റ് (1991-ലെ 15), റദ്ദാക്കപ്പെട്ട 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റ് (2004-ലെ 30),1956-ലെ കേന്ദ്ര വില്പനനികുതി ആക്റ്റ് (1956-ലെ74-ാം കേന്ദ്ര ആക്റ്റ്) തുടങ്ങിയ വിവിധ നിയമങ്ങൾക്കുകീഴിൽ നികുതിയും പലിശയും പിഴയും വലിയതോതിൽ തീർപ്പാക്കാനുണ്ട്. മികച്ച വിധിനിർണ്ണയത്തിൻകീഴിലുള്ള നികുതി ചുമത്തലിന്റെയും അനന്തരഫലമായി ചുമത്തിയിട്ടുള്ള പിഴയും കുടിശ്ശികയായ പലിശയും കാരണം വ്യാപാരികൾക്ക് ചുമത്തപ്പെട്ട നികുതി ഒടുക്കുവാൻ കഴിയാതെ വന്നിട്ടുള്ളതാണ്.

ഈ കുടിശ്ശികകൾ തീർപ്പാക്കുന്നതിലേയ്ക്കായി മുൻ സാമ്പത്തികവർഷങ്ങളിൽ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കിയിരുന്നുവെങ്കിലും, ഗണ്യമായ തുക ഇപ്പോഴും കുടിശ്ശികയാണ്. വിവിധ തൽപ്പരകക്ഷികൾ ആവശ്യമുന്നയിച്ചതിനെത്തുടർന്ന് ഈ ലക്ഷ്യത്തിലേക്കായി ഒരു സമഗ്ര ആംനസ്റ്റി സ്കീം അവതരിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽ ലക്ഷ്യങ്ങൾ കൈവരിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 7-ാം ഖണ്ഡം നിയുക്ത അധികാരസ്ഥാനമായി ഒരു ഉദ്യോഗസ്ഥനെയോ, ഉദ്യോഗസ്ഥരെയോ അല്ലെങ്കിൽ ഉദ്യോഗസ്ഥരുടെ ഒരു കമ്മിറ്റിയെയോ ഒരു ഉത്തരവിലൂടെ നിയമിക്കുവാൻ സംസ്ഥാന നികുതി കമ്മീഷണറെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 9-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം തീർപ്പാക്കൽ അപേക്ഷ സ്വീകരിക്കുന്ന സമയവും രീതിയും വിനിർദ്ദേശിക്കുവാൻ സംസ്ഥാന നികുതി കമ്മീഷണറെ അധികാരപ്പെടുത്തുവാനും അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഫാറവും രീതിയും നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാനും ഉദ്ദേശിക്കുന്നു.

3. ബില്ലിന്റെ 14-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം തീർപ്പാക്കൽ സർട്ടിഫിക്കറ്റിന്റെ ഫാറവും രീതിയും നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4. ബില്ലിലെ 16-ാം ഖണ്ഡം, വിജ്ഞാപനം വഴി, ഒരു ഉദ്യോഗസ്ഥനെ അപ്പീൽ അധികാരിയായി വിനിർദ്ദേശിക്കുവാൻ കമ്മീഷണറെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

5. ബില്ലിന്റെ 21-ാം ഖണ്ഡം ബന്ധപ്പെട്ട നിയമങ്ങൾക്ക് കീഴിൽ വിവിധ അധികാരികൾക്ക് വിവരങ്ങൾ നൽകുന്നതിനുള്ള ഫാറവും രീതിയും സമയവും നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

6. ബില്ലിന്റെ 25-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം വൈഷമ്യങ്ങൾ നീക്കുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിക്കാൻ സംസ്ഥാന നികുതി കമ്മീഷണറെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

7. ബില്ലിന്റെ 26-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേക്കായി മുൻകാല പ്രാബല്യത്തോടെയോ പിൽക്കാല പ്രാബല്യത്തോടെയോ ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

8. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കുകയോ, അല്ലെങ്കിൽ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത്, അവ ഭരണപരമോ, നടപടി ക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണ സ്വഭാവത്തോടുകൂടിയതോ ആകുന്നു. കൂടാതെ, ചട്ടങ്ങൾ, അവ ഉണ്ടാക്കിയതിനുശേഷം നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണ അധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

കെ.എൻ. ബാലഗോപാൽ

(ശരിത്തർജ്ജമ)

## ഖണ്ഡങ്ങളിന്മേലുള്ള കുറിപ്പ്

1-ാം ഖണ്ഡം.—നിർദ്ദിഷ്ട ആക്റ്റിന്റെ ചുരുക്കപ്പേര് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

2-ാം ഖണ്ഡം.—1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിന്റെ 28 എ വകുപ്പും പട്ടികയും ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

3-ാം ഖണ്ഡം.—1959-ലെ കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റിന്റെ (1960-ലെ 10) II-ാം പട്ടിക ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

4-ാം ഖണ്ഡം.—1963-ലെ കേരള വിദ്യുച്ഛക്തി നികുതി ആക്റ്റിന്റെ (1963-ലെ 23) 3-ാം വകുപ്പും പട്ടികയും ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

5-ാം ഖണ്ഡം.—1976-ലെ കേരള മോട്ടോർ വാഹന നികുതി ആക്റ്റിന്റെ (1976-ലെ 19) 3-ാം വകുപ്പും പട്ടികയും ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

6-ാം ഖണ്ഡം.—നിർദ്ദിഷ്ട സ്കീമിൽ ഉപയോഗിച്ചിട്ടുള്ള വിവിധ പദങ്ങളും പദപ്രയോഗങ്ങളും നിർവ്വചിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

7-ാം ഖണ്ഡം.—നിർദ്ദിഷ്ട സ്കീമിന്റെ ആവശ്യത്തിനായി നിയുക്ത ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

8-ാം ഖണ്ഡം.—കുടിശ്ശിക തീർപ്പാക്കുന്നതിന് അപേക്ഷിക്കുന്നതിന് അപേക്ഷകൻ യോഗ്യനാകുന്നതിനുള്ള വ്യവസ്ഥകൾ ഏർപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

9-ാം ഖണ്ഡം.—കുടിശ്ശിക തീർപ്പാക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമം വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

10-ാം ഖണ്ഡം.—അപേക്ഷകൻ ഒടുക്കേണ്ട തുക തിട്ടപ്പെടുത്തുന്നതിനുള്ള പൊതുവായ വ്യവസ്ഥകൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

11-ാം ഖണ്ഡം.—അപേക്ഷകൻ ഒടുക്കേണ്ട തുക തിട്ടപ്പെടുത്തുന്നതിന് ബാധകമായ നിരക്ക് വ്യവസ്ഥ ചെയ്യുന്നതിനും ഡിമാൻഡ് നോട്ടീസ് നൽകിയതിനുശേഷം എന്തെങ്കിലും തുക വരവ് വയ്ക്കുവാനുണ്ടെങ്കിൽ ആയതിന് നടപടിക്രമം വ്യവസ്ഥ ചെയ്യുന്നതിനും ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

12-ാം ഖണ്ഡം.—നികുതിയുടെയോ സർചാർജ്ജിന്റെയോ കുടിശ്ശിക അൻപതിനായിരം രൂപയോ അതിൽ കുറവോ ആണെങ്കിൽ പ്രസ്തുത തുക എഴുതിത്തള്ളുന്നതിനുള്ള നടപടിക്രമം വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

13-ാം ഖണ്ഡം.—ഒടുക്കേണ്ട തുകയുടെ ഒടുക്കലിനും ഒടുക്കിയ തുകയുടെ റീഫണ്ടിനും ചില നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിന് വ്യവസ്ഥ ചെയ്യുന്നത് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

14-ാം ഖണ്ഡം.—കുടിശ്ശികയുടെ തീർപ്പാക്കൽ സർട്ടിഫിക്കറ്റ് നൽകുന്നതിനോ പരിഷ്കരിക്കുന്നതിനോ ഉള്ള നടപടിക്രമം വ്യവസ്ഥ ചെയ്യുന്നത് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

15-ാം ഖണ്ഡം.—കുടിശ്ശിക തീർപ്പാക്കൽ നിരസിക്കുന്നതിനുള്ള നടപടിക്രമം വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

16-ാം ഖണ്ഡം.—നിയുക്ത അധികാരിസ്ഥാനത്തിന്റെ ഉത്തരവിനെതിരായ അപ്പീൽ വ്യവസ്ഥയും അപ്പീൽ അധികാരിയെ വിനിർദ്ദേശിക്കുന്ന രീതിയും വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

17-ാം ഖണ്ഡം.—നിയുക്ത അധികാരസ്ഥാനമോ അപ്പീൽ അധികാരിയോ പാസ്സാക്കിയ ഉത്തരവുകൾ പുനഃപരിശോധിക്കുന്നതിനുള്ള കമ്മീഷണറുടെ അധികാരങ്ങൾ വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

18-ാം ഖണ്ഡം.—നിർദ്ദിഷ്ട സ്കീമിൻ കീഴിൽ തീർപ്പാക്കിയിട്ടുള്ള തുകകളിന്മേൽ നികുതി വസൂലാക്കൽ നടപടിക്രമങ്ങൾക്കുള്ള വിലക്ക് ഏർപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

19-ാം ഖണ്ഡം.—തീർപ്പാക്കിയ കേസ്സുകൾ പുനഃപരിശോധിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

20-ാം ഖണ്ഡം.—നിർദ്ദിഷ്ട സ്കീമിൻ കീഴിൽ തീർപ്പാക്കിയ കേസ്സുകളിൽ സർട്ടിഫിക്കറ്റ് റദ്ദാക്കുന്നതിനുള്ള വ്യവസ്ഥകൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

21-ാം ഖണ്ഡം.—ബന്ധപ്പെട്ട ആക്റ്റിൻകീഴിൽ അപേക്ഷകന്റെ മേൽ നിലവിൽ അധികാരപരിധിയുള്ള തിട്ടപ്പെടുത്തൽ അധികാരി, അപ്പീൽ അധികാരി, റിവിഷണൽ അധികാരി അല്ലെങ്കിൽ ട്രിബ്യൂണൽ മുമ്പാകെയോ അല്ലെങ്കിൽ കോടതി മുമ്പാകെയോ അതതു സംഗതിപോലെ വിവരങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

22-ാം ഖണ്ഡം.—സ്കീമിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിലേക്കായി കമ്മീഷണർക്ക് അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന നിർദ്ദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും സ്കീമിലെ വ്യവസ്ഥകൾക്ക് വിധേയമായി പുറപ്പെടുവിക്കുന്നതിന് അധികാരപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

23-ാം ഖണ്ഡം.—നിയുക്ത അധികാരസ്ഥാനത്തിന് മുമ്പാകെ ഹാജരാക്കിയിട്ടുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുന്നതിനോ തടയുന്നതിനോ ഉള്ള നടപടിക്രമം ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

24-ാം ഖണ്ഡം.—ഉത്തമവിശ്വാസത്തിൽ എടുത്ത നടപടികൾക്ക് സംരക്ഷണം നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നത് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

25-ാം ഖണ്ഡം.—നിർദ്ദിഷ്ട സ്കീമിലെ ഏതെങ്കിലും വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുത്തുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടായാൽ അത് നീക്കം ചെയ്യുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ കമ്മീഷണർക്ക് അധികാരം നൽകുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

26-ാം ഖണ്ഡം.—സർക്കാരിന് ചട്ടങ്ങൾ ഉണ്ടാക്കുവാൻ അധികാരം നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

# 1959-ലെ കേരള മുദ്രപത്ര ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

## 1959-ലെ 17

** ** ** **

28 എ ഭൂമി വിലയുടെ ന്യായവില നിജപ്പെടുത്തൽ.—(1) ഭൂമിയെ സംബന്ധിച്ച കരണങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ ചുമത്തേണ്ട മുദ്ര വില നിർണയിക്കുന്നതിനായി റവന്യൂ ഡിവിഷണൽ ഓഫീസർ, തന്റെ അധികാരപരിധിയിൽ സ്ഥിതിചെയ്യുന്ന ഭൂമിക്ക് സർക്കാർ ഇത് സംബന്ധിച്ചുണ്ടാക്കിയ ചട്ടങ്ങൾക്ക് വിധേയമായി , ന്യായവില നിജപ്പെടുത്തേണ്ടതാണ്.

** ** ** **

(1 ബി) ഈ ആക്റ്റിലോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും (1 എ) ഉപവകുപ്പ് പ്രകാരം ന്യായവില പുതുക്കുന്നതിന് മുമ്പ്, സർക്കാരിന് കാലാകാലങ്ങളിൽ, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം മുഖേന, (1)-ാം ഉപവകുപ്പ് പ്രകാരം നിശ്ചയിച്ച ഭൂമിയുടെ ന്യായവിലയിൽ ഒരു നിശ്ചിത ശതമാനം വർദ്ധനവ് വരുത്താവുന്നതും അപ്രകാരം വർദ്ധിപ്പിച്ച വില ഭൂമിയുടെ ന്യായവിലയായി കരുതപ്പെടേണ്ടതുമാണ്."

** ** ** **

പട്ടിക

| ക്രമ നമ്പർ | കരണത്തിന്റെ വിവരണം | ശരിയായ മുദ്ര വില |
|---|---|---|
| (1) | (2) | (3) |

** ** ** **

| | | | | |
|---|---|---|---|---|
| 16 | | | വിക്രയ സർട്ടിഫിക്കറ്റ്—(വെവ്വേറെ പങ്കുകളായി വെച്ച ലേലത്തിൽ വിറ്റ ഓരോ മുതലിന്റെയും കാര്യത്തിൽ) ഒരു സിവിൽ കോർട്ടോ, | ക്രയദ്രവ്യ സംഖ്യയ്ക്ക് മാത്രം തുല്യമായ ഒരു പ്രതിഫലത്തിനുള്ള (അതതു സംഗതി പോലെ 21 അഥവാ 22 ഇനം) തീറാധാരത്തിനു |

| | | | | |
|---|---|---|---|---|
| | | | റവന്യൂ കോർട്ടോ, ഗവൺമെന്റോ, കളക്ടറോ അല്ലെങ്കിൽ മറ്റു റവന്യൂ ഉദ്യോഗസ്ഥനോ ലേലത്തിൽ വിറ്റ വല്ല മുതലും വാങ്ങിയ ആൾക്ക് നൽകുന്നത് | വേണ്ടുന്ന മുദ്രവില തന്നെ. |
| 33 | | | പാട്ട ചാർത്ത്— ഇതിൽ ഒരു കീഴ് ചാർത്തും അല്ലെങ്കിൽ അടിച്ചാർത്തും പാട്ടത്തിന്നോ കീഴ്പാട്ടത്തിന്നോ കൊടുപ്പാനുള്ള വല്ല കരാറും ഉൾപ്പെടും | |
| | എ | | ആ ചാർത്തിനാൽ പാട്ടം നിശ്ചയിച്ചിരിക്കുകയും, സൗജന്യം ഒന്നും അടയ്ക്കുകയോ, കൊടുക്കുകയോ ചെയ്യാതിരിക്കുകയും ചെയ്യുമ്പോൾ— | |
| | | (i) | ചാർത്ത് ഒരു കൊല്ലത്തിൽ കുറഞ്ഞ ഒരു കാലത്തേക്ക് ആയാൽ | ആ പാട്ടച്ചാർത്ത് പ്രകാരം അടയ്ക്കുകയോ, കൊടുക്കുകയോ ചെയ്യേണ്ടുന്ന ഒട്ടാകെ സംഖ്യയ്ക്ക് (14-ാം നമ്പർ) കപ്പൽ പണയാധാരത്തിനുള്ള മുദ്ര വില തന്നെ. |
| | | (ii) | ചാർത്ത് ഒരു കൊല്ലത്തിൽ കുറയാതെയും അഞ്ചു കൊല്ലത്തിൽ കവിയാതെയും ഉള്ള ഒരു കാലത്തേക്ക് ആയാൽ | നിശ്ചയിച്ച ശരാശരി ഒരു കൊല്ലത്തെ പാട്ടത്തിന്റെ സംഖ്യയ്ക്കോ, വിലയ്ക്കോ ഉള്ള (14-ാം നമ്പർ) കപ്പൽ പണയാധാരത്തിനുള്ള മുദ്ര വില തന്നെ. |
| | | (iii) | ചാർത്ത് അഞ്ചു കൊല്ലത്തിൽ കവിഞ്ഞും, എന്നാൽ പത്തു കൊല്ലത്തിൽ കവിയാതെയുമുള്ള ഒരു കാലത്തേക്ക് ആയാൽ | നിശ്ചയിച്ച ശരാശരി ഒരു കൊല്ലത്തെ പാട്ടത്തിന്റെ സംഖ്യയ്ക്കോ, വിലയ്ക്കോ തുല്യമായ ഒരു പ്രതിഫല ത്തിനായുള്ള (അതതു സംഗതി പോലെ നമ്പർ 21 അഥവാ 22) തീറാധാരത്തിനുള്ള മുദ്ര വില തന്നെ. |

| | | | | |
|---|---|---|---|---|
| | | (iv) | ചാർത്ത് പത്തു കൊല്ലത്തിൽ കവിഞ്ഞും എന്നാൽ ഇരുപതു കൊല്ലത്തിൽ കവിയാതെയുമുള്ള ഒരു കാലത്തേക്ക് ആയാൽ | നിശ്ചയിച്ച ശരാശരി ഒരു കൊല്ലത്തെ പാട്ടത്തിന്റെ സംഖ്യയുടെയോ, വിലയുടെയോ രണ്ട് ഇരട്ടിക്ക് തുല്യമായ ഒരു പ്രതിഫലത്തിനായുള്ള (അതതു സംഗതി പോലെ നമ്പർ 21 അഥവാ 22) തീറാധാരത്തിനുള്ള മുദ്ര വില തന്നെ. |
| | | (v) | ചാർത്ത് ഇരുപത് കൊല്ലത്തിൽ കവിഞ്ഞും, എന്നാൽ മുപ്പത് കൊല്ലത്തിൽ കവിയാതെയുമുള്ള ഒരു കാലത്തേക്ക് ആയാൽ | നിശ്ചയിച്ച ശരാശരി പാട്ട സംഖ്യയുടെയോ, വിലയുടെയോ മൂന്ന് ഇരട്ടിക്ക് തുല്യമായ ഒരു പ്രതിഫലത്തിനായുള്ള (അതത് സംഗതി പോലെ നമ്പർ 21 അഥവാ 22) തീറാധാരത്തിനുള്ള മുദ്ര വില തന്നെ. |
| | | (vi) | ചാർത്ത് 30 കൊല്ലത്തിൽ കവിഞ്ഞും, എന്നാൽ 100 കൊല്ലത്തിൽ കവിയാതെയുമുള്ള ഒരു കാലത്തേക്ക് ആയാൽ | നിശ്ചയിച്ച ശരാശരി ഒരു കൊല്ലത്തെ പാട്ടസംഖ്യയുടെയോ വിലയുടെയോ നാല് ഇരട്ടിക്ക് തുല്യമായ ഒരു പ്രതിഫലത്തിനായുള്ള (അതതു സംഗതി പോലെ നമ്പർ 21 അഥവാ 22) തീറാധാരത്തിനുള്ള മുദ്രവില തന്നെ. |

| | | | | |
|---|---|---|---|---|
| | | (vii) | ചാർത്ത് നൂറ് കൊല്ലത്തിൽ കവിയുന്ന ഒരു കാലത്തേക്കോ അല്ലെങ്കിൽ ശാശ്വതമായിട്ടോ ആയാൽ | ചാർത്തിന്റെ ആദ്യത്തെ അമ്പത് കൊല്ലം അടയ്ക്കുകയോ കൊടുക്കുകയോ ചെയ്യുന്ന ഒട്ടാകെ പാട്ടത്തിന്റെ ആറിൽ ഒന്നിനു തുല്യമായ ഒരു പ്രതിഫലത്തിനായുള്ള (അതത് സംഗതി പോലെ നമ്പർ 21 അഥവാ 22) തീറാധാരത്തിനുള്ള മുദ്രവില തന്നെ |
| | | (viii) | ചാർത്ത് ഇത്ര കാലത്തേക്ക് എന്ന് പറയാതിരുന്നാൽ | പാട്ടച്ചാർത്ത് വളരെക്കാലം നിലനിന്നതാണെങ്കിൽ ആദ്യത്തെ പത്തു കൊല്ലത്തേക്ക് അടയ്ക്കുകയോ കൊടുക്കുകയോ ചെയ്യുന്ന ശരാശരി ഒരു കൊല്ലത്തെ പാട്ടസംഖ്യയുടെയോ വിലയുടെയോ മൂന്നിരട്ടിക്ക് തുല്യമായ ഒരു പ്രതിഫലത്തിനായുള്ള (അതത് സംഗതി പോലെ നമ്പർ 21 അഥവാ 22) തീറാധാരത്തിനുള്ള മുദ്ര വില തന്നെ. |
| | (ബി) | | ചാർത്ത് മാനുഷമോ, സൗജന്യമോ വാങ്ങീട്ടോ, പണം മുൻകൂറായി കൊടുത്തിട്ട് ആയിരിക്കുകയും, ചാർത്തിൽ പാട്ടം നിശ്ചയിച്ചിട്ടില്ലാതിരിക്കുകയും ചെയ്യുമ്പോൾ | ചാർത്തിൽ പറയുന്ന പ്രകാരമുള്ള മാനുഷത്തിന്റെയോ പ്രീമിയത്തിന്റെയോ മുൻകൂറിന്റെയോ സംഖ്യയ്ക്കോ വിലയ്ക്കോ തുല്യമായ പ്രതിഫലത്തിനായുള്ള (അതത് സംഗതി പോലെ നമ്പർ 21 അഥവാ 22) തീറാധാരത്തിനുള്ള മുദ്രവില തന്നെ. |
| | (സി) | | ചാർത്ത് നിശ്ചയിച്ച പാട്ടത്തിനു പുറമേ ഒരു മാനുഷമോ, സൗജന്യമോ വാങ്ങീട്ടോ, പണം മുൻകൂട്ടി കൊടുത്തിട്ടോ ആയിരിക്കുമ്പോൾ | മാനുഷമോ, പ്രീമിയമോ, മുൻകൂറോ അടയ്ക്കുകയോ കൊടുക്കുകയോ ചെയ്തിട്ടില്ലെങ്കിൽ ചാർത്തിന്മേൽ അടയ്ക്കേണ്ടിവരുന്ന മുദ്രവിലക്ക് പുറമേ ചാർത്തിൽ പറയുന്ന |

| | | | | |
|---|---|---|---|---|
| | | | | മാനുഷത്തിന്റെയോ പ്രീമിയത്തിന്റെയോ മുൻകൂറിന്റെയോ സംഖ്യയ്ക്കോ വിലയ്ക്കോ തുല്യമായ ഒരു പ്രതിഫലത്തിന്നായുള്ള (അതത് സംഗതി പോലെ നമ്പർ 21 അഥവാ 22) തീറാധാരത്തിനുള്ള മുദ്രവില തന്നെ.<br><br>എന്നാൽ പാട്ടത്തിന് വിട്ടുവാനുള്ള ഒരു ഉടമ്പടിയിൽ ഒരു പാട്ടച്ചാർത്തിന് വേണ്ടുന്ന വില പ്രകാരമുള്ള മുദ്ര പതിച്ചിരിക്കുകയും ആ ഉടമ്പടി പ്രകാരം ഒരു പാട്ടച്ചാർത്ത് പിന്നെ എഴുതിക്കൊടുക്കുകയും ചെയ്യുന്ന വല്ല സംഗതിയിലും ആ പാട്ടച്ചാർത്തിന് വേണ്ടുന്ന മുദ്രവില ഒരു രൂപ തൊണ്ണൂറ്റഞ്ച് പൈസയിൽ കവിയുവാൻ പാടില്ല. |

[1] വിശദീകരണം I :-പാട്ടത്തിന് കൊടുത്ത ആളിൽ നിന്നും നിയമാനുസരണം വസൂലാക്കേണ്ട സർക്കാർ നികുതിയോ ജന്മി കൊടുക്കേണ്ട വരിയുടെ ഓഹരിയോ അല്ലെങ്കിൽ ഉടമസ്ഥൻ കൊടുക്കേണ്ട മുനിസിപ്പൽ കരത്തിന്റെയോ നികുതിയുടെയോ, ഓഹരിയുടെയോ പോലുള്ള എന്തെങ്കിലും ആവർത്തന ചിലവ് ഒരു പാട്ടക്കാരൻ കൊടുക്കാമെന്ന് ഏൽക്കുമ്പോൾ പാട്ടക്കാരൻ അപ്രകാരം കൊടുക്കാൻ സമ്മതിച്ച സംഖ്യ പാട്ടത്തിന്റെ ഭാഗമായി കണക്കാക്കണം.

[2] വിശദീകരണം-II :- പാട്ടച്ചാർത്തിൽ, പാട്ടത്തിന്റെ അവസാന ഗഡുവിലേക്കോ ഗഡുക്കളിലേക്കോ മുൻകൂറായി നൽകിയ പാട്ടം തട്ടിക്കിഴിക്കുന്നതാണ് എന്ന് പ്രത്യേകം വ്യവസ്ഥ ചെയ്യാത്ത പക്ഷം മുൻകൂർ ആയി നൽകിയിട്ടുള്ള പാട്ടം, ഈ ക്രമനമ്പരിന്റെ അർഥവ്യാപ്തിക്കുള്ളിൽപ്പെടുന്ന പ്രീമിയമായോ മുൻകൂറായി നൽകിയ പണമായോ കരുതപ്പെടുന്നതാണ്.

** ** ** **

| | | | | |
|---|---|---|---|---|
| | | | 43 കൂട്ടുകച്ചവടം | |
| | (എ) | | കൂട്ടുകച്ചവടാധാരം | അയ്യായിരംരൂപ |
| | (ബി) | | കൂട്ടുകച്ചവട പിരിവാധാരം | ആയിരം രൂപ |
| ** | | | ** ** | ** |
| 44 | | | മുക്തിയാർ നാമം [2(പി) എന്ന വകുപ്പിനാൽ നിർവചിക്കപ്പെട്ട പ്രകാരമുള്ള പ്രോക്സി എന്ന മുക്തിയാർ അല്ലാത്തത്] | |
| | (എ) | | ഒരു ഒറ്റ ഇടപാടിനെ പറ്റി ഒന്നോ അധികമോ ആധാരങ്ങൾ രജിസ്റ്റർ ആക്കേണ്ടതിനു മാത്രമോ, ആ വക ഒന്നോ അധികമോ ആധാരങ്ങൾ എഴുതികൊടുത്തത് സമ്മതിക്കാനോ, എഴുതി കൊടുക്കുന്നതായാൽ | അമ്പത് രൂപ |

** ** ** **

| | | | | |
|---|---|---|---|---|
| | (ജി) | | മുകളിൽ (എഫ്) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള മുക്തിയാർ അല്ലാത്തതും കേരളത്തിൽ സ്ഥിതി ചെയ്യുന്ന ഏതെങ്കിലും സ്ഥാപന വസ്തുവിൽ നിർമ്മാണങ്ങൾ നടത്തുന്നതിനോ പോഷിപ്പിക്കുന്നതിനോ (ഏത് രീതിയിലായാലും) ഒരു പ്രമോട്ടർക്കോ ഡെവലപ്പർക്കോ ഏത് പേരിൽ അറിയപ്പെട്ടാലും, പ്രാധികാരപെടുത്തലോ അധികാരമോ നൽകുമ്പോൾ | പരമാവധി ഒരു ലക്ഷം രൂപ എന്ന പരിധിക്ക് വിധേയമായി ഒരു തീറാധാരത്തിന് അതതു സംഗതി പോലെ 21 അഥവാ 22 നമ്പർ, ഭൂമിയുടെ ന്യായവിലയോ പ്രതിഫലത്തുകയോ ഇവയിൽ ഏതാണോ കൂടുതൽ, അതിന്മേലുള്ള അതേ മുദ്രവില |

** ** ** **

# 1959-ലെ കേരള കോർട്ട് ഫീസും വ്യവഹാര സലയും ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (1960-ലെ 10)

** ** ** **

<u>പട്ടിക</u> II

| അനുച്ഛേദം | ഇനം | ഉചിതമായ ഫീസ് |
|---|---|---|
| (1) | (2) | (3) |
| ** | ** ** | ** |
| 19. | 1982-ലെ ചിട്ടി ഫണ്ട് ആക്റ്റിന്റെ (1982-ലെ 40-ാം കേന്ദ്ര ആക്റ്റ് )കീഴിലുള്ള ഒരു തർക്കം ന്യായനിർണ്ണയം നടത്തുന്നതിനായി ആർബിട്രേറ്റർക്ക് നൽകുന്ന അപേക്ഷ. | ആർബിട്രേഷൻ തുകയുടെ രണ്ട് ശതമാനം. |

** ** ** **

# 1963-ലെ കേരള വിദ്യുച്ഛക്തി നികുതി ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (1963-ലെ 23)

** ** ** **

3. ലൈസൻസുകാർ നടത്തുന്ന ചില വിദ്യുച്ഛക്തി വില്പനകളിന്മേൽ വിദ്യുച്ഛക്തി നികുതി ചുമത്തൽ:- (1) (2)-ാം ഉപവകുപ്പിൽ മറ്റുവിധത്തിൽ വ്യവസ്ഥചെയ്തിട്ടുള്ളതൊഴികെ, കേരള സംസ്ഥാനത്തെ ഏതൊരു ലൈസൻസുകാരനും, യൂണിറ്റൊന്നിന് 12 നയാപൈസയിൽ കൂടുതൽ വിലയ്ക്കു വിൽക്കുന്ന ഓരോ യൂണിറ്റു ശക്തിക്കും 6 നയാ പൈസവച്ചു കണക്കാക്കപ്പെടുന്ന നികുതി, നിർണ്ണയിക്കപ്പെട്ടിട്ടുള്ള വിധത്തിൽ ഓരോ മാസവും ഗവൺമെൻറിലേയ്ക്കു അടയ്ക്കേണ്ടതാണ്;

** ** ** **

## പട്ടിക

(വകുപ്പ് 4 കാണുക)

| കോളം (1) ഇനം | കോളം (2) ഉപഭോക്താക്കളുടെ വിഭാഗം | കോളം (3) നികുതിയുടെ നിരക്ക് |
|---|---|---|
| ** | ** ** | ** |
| "5. | സ്വന്തം ആവശ്യത്തിനായി ശക്തി/ഊർജ്ജം ഉല്പാദിപ്പിക്കുന്ന ഉപഭോക്താക്കൾ | ഉല്പാദിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്ന ഓരോ പൂർണ്ണ യൂണിറ്റിനും 1.2 പൈസ |

** ** ** **

# 1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

# (1976-ലെ 19)

** ** ** **

<u>നികുതി ചുമത്തൽ</u>.—(1) ഈ ആക്റ്റിലെ മറ്റുവ്യവസ്ഥകൾക്ക് വിധേയമായി, ഈ ആക്റ്റ് നടപ്പിൽ വരുന്ന തീയതിയിലും അന്നുമുതൽക്കും സംസ്ഥാനത്ത് ഉപയോഗിച്ചുവരുന്നതോ അഥവാ ഉപയോഗത്തിനായി സൂക്ഷിക്കപ്പെട്ടിരിക്കുന്നതോ ആയ എല്ലാ മോട്ടോർ വാഹനങ്ങൾക്കും പട്ടികയിൽ പ്രസ്തുത വാഹനത്തിന് കാണിച്ചിരിക്കുന്ന നികുതി ചുമത്തേണ്ടതാണ്.

** ** ** **

(5) ഒരു മോട്ടോർ വാഹനത്തെ സംബന്ധിച്ച് താൽക്കാലിക ലൈസൻസിൽ നൽകേണ്ടതായ നികുതി—

(എ) താൽക്കാലിക ലൈസൻസ് ഏഴുദിവസത്തിൽ കവിയാത്ത കാലത്തേയ്ക്കാണെങ്കിലും ആ മോട്ടോർവാഹനത്തിന് മൂന്നുമാസക്കാലത്തേയ്ക്കുള്ള നികുതിയുടെ പത്തിലൊന്നുഭാഗം എന്ന നിരക്കിലും;

(ബി) താൽക്കാലിക ലൈസൻസ് ഏഴുദിവസങ്ങളിൽ കവിയുന്നതും മുപ്പതു ദിവസത്തിൽ കവിയാത്തതുമായ കാലത്തേയ്ക്കുള്ളതാണെങ്കിൽ, ആ മോട്ടോർവാഹനത്തിന് മൂന്നുമാസക്കാലത്തേയ്ക്കുള്ള നികുതിയുടെ മൂന്നിലൊന്ന് എന്ന നിരക്കിലും ആയിരിക്കേണ്ടതാണ്.

** ** ** **

"എന്നുമാത്രമല്ല, 1988-ലെ മോട്ടോർ വാഹന ആക്റ്റിലെ (1988-ലെ കേന്ദ്ര ആക്റ്റ്), 88-ാം വകുപ്പ്, (9)-ാം ഉപവകുപ്പ് പ്രകാരം പെർമിറ്റ് ഉള്ളതും കേരള സംസ്ഥാനത്തല്ലാതെ മറ്റ് ഏതെങ്കിലും സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തതും കേരള സംസ്ഥാനത്ത് പ്രവേശിക്കുകയും അവിടെ തങ്ങുകയും ചെയ്യുന്ന വാഹനങ്ങളുടെ സംഗതിയിൽ, അപ്രകാരമുള്ള വാഹനങ്ങൾക്ക് പ്രവേശന തീയതി മുതൽ ത്രൈമാസത്തിന്റെ അവസാനം വരെ പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള നിരക്കിൽ നികുതി നൽകേണ്ടതാണ്. ".

** ** ** **

പട്ടിക

[വകുപ്പ് 3(1) കാണുക]

| ക്രമ നമ്പർ | വാഹനത്തിന്റെ തരം | ത്രൈമാസ നികുതി നിരക്ക് (രൂപയിൽ) |
|---|---|---|

** ** ** **

7. 1988-ലെ മോട്ടോർ വാഹനനിയമത്തിൻ കീഴിൽ പെർമിറ്റുകൾ നൽകിയിട്ടുള്ളതും വാടകയ്ക്കായി ഓടിക്കുന്നതും യാത്രക്കാരെ പരിവഹണം നടത്തുന്നതിന് ഉപയോഗിക്കുന്നതുമായ മോട്ടോർ വാഹനങ്ങൾ

(1) കോൺട്രാക്ട് ക്യാരിയേജ് ആയി മാത്രം ഓടിക്കാൻ അനുവദിക്കപ്പെട്ടിട്ടുള്ള വാഹനങ്ങൾ

** ** ** **

| | | |
|---|---|---|
| " (സി) | കേരളത്തിൽ രജിസ്റ്റർ ചെയ്തതും 1988-ലെ മോട്ടോർ വാഹന ആക്റ്റിലെ (1988-ലെ 59-ാം കേന്ദ്ര ആക്റ്റ്), 88-ാം വകുപ്പിന്റെ (9)-ാം ഉപവകുപ്പ് പ്രകാരം പെർമിറ്റ് വാങ്ങിയതിനുശേഷം അന്തർ സംസ്ഥാനത്ത് ഗതാഗതം നടത്തുന്നതുമായ വാഹനങ്ങൾ | |
| | (i) 6-ൽ കൂടുതൽ യാത്രക്കാരെ വഹിച്ചു കൊണ്ടുപോകുന്നതിന് അനുവദിച്ചിട്ടുള്ള സാധാരണ കോൺട്രാക്ട് ക്യാരിയേജ് — ഓരോ യാത്രക്കാരനും | 2250.00 |
| | (ii) പുഷ്ബാക്ക് സീറ്റുകളുള്ളതും 6-ൽ കൂടുതൽ യാത്രക്കാരെ വഹിച്ചുകൊണ്ടുപോകുന്നതിന് അനുവദിച്ചിട്ടുള്ളതുമായ കോൺട്രാക്ട് ക്യാരിയേജ് —ഓരോ യാത്രക്കാരനും | 3000.00 |
| | (iii) സ്ലീപ്പർ ബർത്തുകളുള്ളതും 6-ൽ കൂടുതൽ യാത്രക്കാരെ വഹിച്ചു കൊണ്ടുപോകുന്നതിന് അനുവദിച്ചിട്ടുള്ളതുമായ കോൺട്രാക്ട് ക്യാരിയേജ്—ഓരോ യാത്രക്കാരനും | 4000.00" |
| "(എഫ്) | ഇതര സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തതും 1988-ലെ മോട്ടോർ വാഹന ആക്റ്റിലെ (1988- ലെ 59-ാം കേന്ദ്ര ആക്റ്റ്) 88-ാം വകുപ്പിന്റെ (8)-ഉം (9)-ഉം ഉപവകുപ്പുകൾ പ്രകാരം പെർമിറ്റ് വാങ്ങിയതിനു ശേഷം കേരളത്തിൽ പ്രവേശിക്കുന്നതുമായ വാഹനങ്ങൾ. | |

** ** ** **